# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിങ്ങോലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P.7/342/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/04/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിങ്ങോലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-21 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P.7/342/2021 തീയ്യതി: 08/04/2021

## ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 31-12-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സന്തോഷ് കെ.വി | ഡെപ്യൂട്ടി ഡയറക്ടർ | 24-02-2021 | 02-03-2021 |
| സാബു സി ജോർജ് | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2021 | 06-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-02-2021 | 06-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ. ബി ലിജിലാൽ (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)

2) ശ്രീമതി.മിനി പി രാധാകൃഷ്ണൻ (ഓഡിറ്റ് ഓഫീസർ )

3) ശ്രീ. മനേഷ് കുമാർ .ജി (സീനിയർ ഗ്രേഡ് ഓഡിറ്റർ )

4) ശ്രീ. ഉണ്ണികൃഷ്ണൻ .സി (സീനിയർ ഗ്രേഡ് ഓഡിറ്റർ )

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എച്ച് നിയാസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഉല്ലാസ് കുമാർ റ്റി | സെക്രട്ടറി | 01-04-2019 | 26-04-2019 |
| ശ്രീ.വിദ്യാധരൻ .കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-04-2019 | 24-05-2019 |
| ശ്രീ.ഉല്ലാസ് കുമാർ റ്റി | സെക്രട്ടറി | 25-05-2019 | 29-11-2019 |
| ശ്രീമതി. ശ്രീദേവി പി | സെക്രട്ടറി | 30-11-2019 | 16-03-2020 |
| ശ്രീമതി. സബിത എം.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-03-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി . ബിന്ദു സാറാ എബ്രഹാം | കൃഷി ഓഫീസർ | 01-04-2019 | 30-10-2019 |
| ശ്രീമതി.രേഷ്മ | കൃഷി ഓഫീസർ | 01-11-2019 | 28-11-2019 |
| ശ്രീമതി.സുജ എ.എസ് | കൃഷി ഓഫീസർ | 29-11-2019 | 31-03-2020 |
| ശ്രീമതി.അംബിക വി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ലക്ഷമി എസ് നായർ | ഐ സി ഡി എസ്-സൂപ്പർവൈസർ | 01-04-2019 | 22-08-2020 |
| ശ്രീമതി. സുമ ബി | ഐ സി ഡി എസ്-സൂപ്പർവൈസർ | 22-08-2019 | 05-03-2020 |
| ശ്രീമതി ഹയറുന്നീസ .എൻ | ഐ സി ഡി എസ്-സൂപ്പർവൈസർ | 06-03-2020 | 31-03-2020 |
| ഡോ.രജിത ശേഖർ .എസ് | മെഡിക്കൽ ഓഫീസർ-ഗവ.ആയുർവേദ ഡിസ്പെൻസറി | 01-04-2019 | 31-03-2020 |
| ഡോ.നിഷ്മാ ജോൺസ് | മെഡിക്കൽ ഓഫീസർ-ഗവ.ഹോമിയോ ഡിസ്പെൻസറി | 01-04-2019 | 15-03-2020 |

| | | | |
|---|---|---|---|
| ഡോ.ലക്ഷമി വി ആർ | മെഡിക്കൽ ഓഫീസർ-ഗവ.ഹോമിയോ ഡിസ്പെൻസറി | 16-03-2020 | 31-03-2020 |
| ശ്രീമതി.ലീന ഡെന്നിസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ഗംഗ പി | ഹെഡ് മാസ്റ്റർ -ഗവ.എൽ.പി.എസ് | 01-04-2019 | 31-03-2020 |
| ശ്രീ . എ. അമൽ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.രാജീവ് കുമാർ . വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.കെ. വിദ്യാധരൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ സാജി .എസ് | അസിസ്റ്റന്റ് സെക്രട്ടറി | 03-08-2019 | 22-11-2019 |
| ശ്രീമതി.സബിത എം.പി | അസിസ്റ്റന്റ് സെക്രട്ടറി | 23-11-2019 | 31-03-2020 |
| ശ്രീ അപ്പൻ പി.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്രീദേവി ഡി | അക്രഡിറ്റഡ് എൻജിനീയർ-എം.ജി.എൻ.ആർ.ഇ.ജി.എസ് | 01-04-2019 | 31-03-2020 |
| ഡോ.സുനിൽ. ആർ | മെഡിക്കൽ ഓഫീസർ - പ്രാഥമികാരോഗ്യകേന്ദ്രം | 01-04-2019 | 23-04-2019 |
| ഡോ.അരുണാരാജ് | മെഡിക്കൽ ഓഫീസർ - പ്രാഥമികാരോഗ്യകേന്ദ്രം | 24-04-2019 | 20-06-2019 |
| ഡോ. ലാലസ്. വി.എസ് | മെഡിക്കൽ ഓഫീസർ - പ്രാഥമികാരോഗ്യകേന്ദ്രം | 21-06-2019 | 31-03-2020 |

ഈ റിപ്പോർട്ടിന് നാലു ഭാഗങ്ങൾ ഉണ്ട് .

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: B Ligilal (Audit Officer, On 05-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-1 |
| 2 | വാർഷിക കണക്കുകളുടെ അവലോകനം<br>Written By: Unnikrishnan C (Senior Grade Auditor, On 03-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Unnikrishnan C (Senior Grade Auditor, On 11-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ).സി.ആർ പ്രകാരം)<br>Written By: Unnikrishnan C (Senior Grade Auditor, On 11-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 08-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-<br>Written By: Unnikrishnan C (Senior Grade Auditor, On 11-03-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 31-03-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Unnikrishnan C (Senior Grade Auditor, On 11-03-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 11-03-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Unnikrishnan C (Senior Grade Auditor, On 12-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: B Ligilal (Audit Officer, On 05-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Unnikrishnan C (Senior Grade Auditor, On 11-03-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 11-03-2021) | 1-10 |
| 11 | ടെണ്ടർഫീസ് - പഞ്ചായത്തിന് തിരികെ ലഭിക്കനുള്ളത് 35535/- രൂപ<br>Written By: B Ligilal (Audit Officer, On 06-03-2021)<br>Last Updated By: B Ligilal (Audit Officer, On 31-03-2021) | 1-11 |
| 12 | വാണിജ്യാവശ്യകെട്ടിടങ്ങളെ ആകെ വിസ്തൃതിക്കനുസൃതമായി നികുതി നിർണ്ണയം നടത്തിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 09-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-12 |
| 13 | വസ്തുനികുതി നിർണ്ണയം സംബന്ധിക്കുന്ന കോടതി വ്യവഹാരം- തുടർ നടപടി വിവരം ലഭ്യമല്ല<br>Written By: Unnikrishnan C (Senior Grade Auditor, On 09-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-13 |
| 14 | അനധികൃത കെട്ടിടങ്ങളുടെ നികുതി നിർണ്ണയം<br>Written By: Unnikrishnan C (Senior Grade Auditor, On 12-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-14 |
| 15 | നികുതി പിരിവിന്റെ പുരോഗതി-പഞ്ചായത്തിന്റെ നേട്ടങ്ങൾ<br>Written By: Unnikrishnan C (Senior Grade Auditor, On 09-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-15 |
| 16 | തൊഴിൽ നികുതി-പൂർണ്ണമായും ഡിമാൻഡ് ചെയ്യുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 03-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-16 |

| | | |
|---|---|---|
| 17 | തൊഴിൽ നികുതി - ലോഡ്ജ് ഓഡിറ്റോറിയം ഉടമകകളെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 09-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-17 |
| 18 | അഗതി ആശ്രയ പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 08-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-18 |
| 19 | വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപ പ്രവർത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത 51.65 ലക്ഷം രൂപ വിനിയോഗിക്കാതെ നിക്ഷേപമായി തുടരുന്നു<br>Written By: Mini.P.Radhakrishnan (Audit Officer, On 08-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-19 |
| 20 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ വിനിയോഗം - നാഷണൽ തെർമ്മൽ പവർ കോർപ്പറേഷന്റെ കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി (സി.എസ്.ആർ ) ഫണ്ടുകളുൾപ്പെടെ ചെലവഴിക്കുന്നതിൽ ഗ്രാമപഞ്ചായത്തിനുണ്ടായ വീഴ്ച<br>Written By: Unnikrishnan C (Senior Grade Auditor, On 09-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-20 |
| 21 | ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം- പ്രവൃത്തിയുടെ നിർവ്വഹണത്തിൽ നിരവധി അപാകതകൾ<br>Written By: B Ligilal (Audit Officer, On 06-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-21 |
| 22 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ- നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ല<br>Written By: B Ligilal (Audit Officer, On 06-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-22 |
| 23 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്- പ്രവർത്തനക്ഷമമാക്കുന്നതിൽ വീഴ്ച<br>Written By: B Ligilal (Audit Officer, On 06-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-23 |
| 24 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പാറയുടെ വിലയിനത്തിൽ കരാറുകാരന് അധികം തുക അനുവദിച്ചു<br>Written By: B Ligilal (Audit Officer, On 06-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-24 |
| 25 | റോഡ്കട്ടിങ്ങ് ചാർജിനൊപ്പം നിയമാനുസൃതമായ ജി എസ് ടി ഈടാക്കിയില്ല<br>Written By: B Ligilal (Audit Officer, On 06-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-25 |
| 26 | ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച<br>Written By: B Ligilal (Audit Officer, On 06-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-26 |
| 27 | കാർഷിക മേഖലയിലെ പ്രോജക്റ്റുകൾ- ഒരു അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-27 |
| 28 | പച്ചക്കറി കൃഷിയ്ക്ക് മൺചട്ടിയും തൈയ്യും, കുറ്റി കുരുമുളകും - യൂണിറ്റ് കോസ്റ്റിൽ കൂടുതൽ ചെലവഴിച്ചു പദ്ധതി നടപ്പാക്കി<br>Written By: Mini.P.Radhakrishnan (Audit Officer, On 08-03-2021)<br>Last Updated By: B Ligilal (Audit Officer, On 24-03-2021) | 1-28 |
| 29 | ഇടവിളകൃഷി -കുരുമുളക്,ടിഷ്യു കൾച്ചർ വാഴ-യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് ചെലവ് ചെയ്തു | 1-29 |

| | | |
|---|---|---|
| | Written By: Mini.P.Radhakrishnan (Audit Officer, On 08-03-2021)<br>Last Updated By: B Ligilal (Audit Officer, On 31-03-2021) | |
| 30 | ഇടവിളകൃഷി -കുരുമുളക്,ടിഷ്യു കൾച്ചർ വാഴ(എസ്.സി)-യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് ചെലവ് ചെയ്തു<br>Written By: Mini.P.Radhakrishnan (Audit Officer, On 08-03-2021)<br>Last Updated By: B Ligilal (Audit Officer, On 24-03-2021) | 1-30 |
| 31 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ നിർവ്വഹണത്തിലെ മറ്റ് ന്യൂനതകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 08-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-31 |
| 32 | ഘടക സ്ഥാപനങ്ങൾക്ക് പ്രിന്ററും ലാപ്പ് ടോപ്പും ലഭ്യമാക്കിയിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 08-03-2021)<br>Last Updated By: B Ligilal (Audit Officer, On 31-03-2021) | 1-32 |
| 33 | കേരളോത്സവത്തിനുവേണ്ടി നടത്തിയ വാങ്ങൽ പ്രവൃത്തികൾ - സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ക്വട്ടേഷൻ/ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Maneshkumar G (Senior Grade Auditor, On 08-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-33 |
| 34 | തെരുവു വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല-വൈദ്യുതചാർജ്ജ് ഇനത്തിൽ തനത് ഫണ്ട് തുകയിൽ ഭീമമായ നഷ്ടം<br>Written By: Maneshkumar G (Senior Grade Auditor, On 08-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-34 |
| 35 | ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് ഇല്ലാതെ അംഗൻവാടി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Maneshkumar G (Senior Grade Auditor, On 08-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-35 |
| 36 | പത്താംതരം, പന്ത്രണ്ടാം തരം തുല്ല്യതാ പരീക്ഷ-പരീക്ഷാർത്ഥികൾക്ക് ലഭിച്ച സർട്ടിഫിക്കേറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല. 34250 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Maneshkumar G (Senior Grade Auditor, On 08-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-36 |
| 37 | തൊഴിലുറപ്പ് പദ്ധതി - ലഘുഅവലോകനം<br>Written By: B Ligilal (Audit Officer, On 06-03-2021)<br>Last Updated By: B Ligilal (Audit Officer, On 31-03-2021) | 1-37 |
| 38 | ലൈഫ് ഭവന നിർമ്മാണം<br>Written By: Mini.P.Radhakrishnan (Audit Officer, On 08-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പാറയുടെ വിലയിനത്തിൽ കരാറുകാരന് അധികം തുക അനുവദിച്ചു<br>Written By: Rajeev R (Deputy Director, On 08-04-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 3-1 |
| 2 | പച്ചക്കറി കൃഷിയ്ക്ക് മൺചട്ടിയും തൈയ്യും, കുറ്റി കുരുമുളകും - യൂണിറ്റ് കോസ്റ്റിൽ കൂടുതൽ ചെലവഴിച്ചു പദ്ധതി നടപ്പാക്കി<br>Written By: Rajeev R (Deputy Director, On 08-04-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 3-2 |
| 3 | ഇടവിളകൃഷി -കുരുമുളക്,ടിഷ്യു കൾച്ചർ വാഴ-യൂണിറ്റ് | 3-3 |

| | | |
|---|---|---|
| | കോസ്റ്റിൽ അധികരിച്ച് ചെലവ് ചെയ്തു<br>Written By: Rajeev R (Deputy Director, On 08-04-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | |
| 4 | ഇടവിളകൃഷി -കുരുമുളക്,ടിഷ്യു കൾച്ചർ വാഴ(എസ്.സി)-യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് ചെലവ് ചെയ്തു<br>Written By: Rajeev R (Deputy Director, On 08-04-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 3-4 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Unnikrishnan C (Senior Grade Auditor, On 10-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Unnikrishnan C (Senior Grade Auditor, On 10-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Unnikrishnan C (Senior Grade Auditor, On 10-03-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 10-03-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Unnikrishnan C (Senior Grade Auditor, On 10-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Unnikrishnan C (Senior Grade Auditor, On 10-03-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 10-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Unnikrishnan C (Senior Grade Auditor, On 10-03-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 10-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Unnikrishnan C (Senior Grade Auditor, On 10-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Unnikrishnan C (Senior Grade Auditor, On 10-03-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 10-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Unnikrishnan C (Senior Grade Auditor, On 10-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Unnikrishnan C (Senior Grade Auditor, On 10-03-2021)<br>Last Updated By: Sabu C George (Deputy Director, On 23-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 08-02-19 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.
പഞ്ചായത്ത് സെക്രട്ടറിയും വിവിധ മേഖലകളിലെ ഉദ്യോഗസ്ഥരും നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 175 പ്രകാരം തയ്യാറാക്കിയതും അനുവദിച്ചതുമായ വികസനപദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ജനവരി പതിനഞ്ചിന് മുൻപ് തയ്യാറാക്കി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശം മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് വനിതാസൗഹൃദമാക്കുന്നതിന്റെ ഭാഗമായി 2019-20 ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഭൂരിഭാഗം പദ്ധതികളും തൻവർഷം നടപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

ബജറ്റുപ്രകാരമുള്ള പ്രതീക്ഷിത വരവ്-ചെലവും, യഥാർത്ഥ വരവ്-ചെലവും തമ്മിൽ ഭീമമായ അന്തരം നിലനിൽക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 126661000 | 126298286 |
| വാർഷിക കണക്ക് പ്രകാരം | 42629166 | 41193027 |

ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇ.എഫ്.എം.എസ് വഴിയുള്ള തൊഴിലുറപ്പ് വേതനം, ഡി.ബി.റ്റി മുഖേന നല്കിയ ക്ഷേമ പെൻഷനുകൾ എന്നിവയുടെ വരവ് ചെലവ് തുക കൂടി പരിഗണിച്ചാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്. ബജറ്റ് വാസ്തവികമായി തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളുടെ അവലോകനം

1)എം.ജി.എൻ.ആർ.ഇ.ജി.എസ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.
2)അയഥാർത്ഥമായ തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നു.

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ ബാലൻസ് ഷീറ്റിന്റെ ബാധ്യതഭാഗത്ത് ഉൾപ്പെടുത്തേണ്ടതും ഈ തുക അക്കൌണ്ടുകളിൽ നീക്കിയിരിപ്പായി ഉണ്ടാകേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ യഥാർത്ഥത്തിൽ നിലവിലില്ലാത്തവയാണ്.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 320200101 | ഡെവലപ്പ്മെന്റ് ഫണ്ട്- ജനറൽ ക്യാപ്പിറ്റൽ | 280326 |
| 320200104 | ഡെവലപ്പ്മെന്റ് ഫണ്ട്-സി എഫ്.സി ഗ്രാന്റ് | 1925674 |
| 320200109 | മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് അസറ്റ് | 40000 |

വിനിയോഗ വിവരങ്ങൾ ലഭിച്ചിട്ടില്ലാത്ത ഡെപ്പോസിറ്റ് ജോലിക്ക് നൽകിയിട്ടുള്ള തുകകളാണെങ്കിൽ അപ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കണം.
3. 150120105 എന്ന ഹെഡ്ഡിൽ KCWWF, GST എന്നീ തുകകൾ കാലി വീപ്പകളുടെ തുകകൾക്കൊപ്പം ഒടുക്കിയിട്ടുള്ളതായി കാണുന്നു. ഋണ ശീർഷകണക്കുകളായി ഉൾപ്പെടുത്തേണ്ട ഈ തുകകൾ തനത് ഫണ്ടിൽ തുടരുകയാണ്. വിശദീകരണം ലഭ്യമാക്കണം.

4. ബി-5 ഷെഡ്യൂൾ പ്രകാരം കുടിശ്ശികയായിട്ടുള്ള വസ്തു നികുതിയുടെ 5 ശതമാനമാണ് ലൈബ്രറി സെസ്സായി രേഖപ്പെടുത്തേണ്ടത്. എന്നാലിത് 5 ശതമാനത്തിൽ കുറഞ്ഞ തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
5. ആസ്തികളുടെ കൃത്യമായ മൂല്യം പ്രതിഫലിക്കുന്ന വിധം ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

സാമ്പത്തിക വിശകലനം (റസീറ്റ് ആൻഡ് പേയ്മെന്റ് കണക്ക് പ്രകാരം)

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 11912806 |
| ഓഡിറ്റ് വർഷത്തെ വരവ് | 42629166 |
| ആകെ | 54541972 |
| ഓഡിറ്റ് വർഷകത്തെ ചെലവ് | 41193027 |

| | |
|---|---|
| നീക്കിയിരിപ്പ് | 13348945 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 39762.5 |
| തടസ്സപ്പെടുത്തിയ തുക | 604114 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | വരവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) | ചെലവ് (സോഴ്സ്ഡിഡക്ഷൻ ഉൾപ്പെടെ) | 31-03-2020 ലെ കണക്കുകൾ പ്രകാരം ചെലവഴിക്കാത്ത തുക |
|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 7649100 | 7646047 | 3053 |
| വികസനഫണ്ട്-എസ്.സി.പി | 3493000 | 2411874 | 1081126 |
| വികസനഫണ്ട്-ടി.എസ്.പി | 85000 | 60938 | 24062 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 4010000 | 1956674 | 2053326 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ് | 3251000 | 2710332 | 540668 |
| പതിമൂന്നാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 5847441 | 2780601 | 3066840 |

## 1-5 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം 132 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 26 പദ്ധതികൾ പൂർണ്ണമായും 56 പദ്ധതികൾ ഭാഗീകമായും നടപ്പിലാക്കിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ 51 പദ്ധതികൾ നടപ്പിലാക്കിയിട്ടുമില്ല. ചെലവ് പത്രിക പ്രകാരം തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 22 | 15 | 63331799 | 2766292 |
| 2 | കൃഷി ഓഫീസർ | 9 | 7 | 15,94,315 | 10,14,474 |
| 3 | വെറ്ററിനറി സർജൻ | 9 | 6 | 25,63,700 | 13,06,640 |
| 4 | വി.ഇ.ഒ | 17 | 13 | 2,46,16,820 | 1,05,91,580 |
| 5 | ഐ.സി.ഡി.എസ് | 4 | 2 | 21,93,650 | 17,31,603 |
| 6 | എച്ച്.എം | 7 | 6 | 1295760 | 1130872 |
| 7 | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 1 | 1 | 6,00,000 | 6,00,000 |
| 8 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 2 | 2 | 6,80,000 | 6,31,400 |
| 9 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 1,50,000 | 1,50,000 |
| 10 | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 5 | 5 | 7,00,000 | 6,64,000 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 6 | 688814 | 362960 |
| 12 | അസിസ്റ്റന്റ്എഞ്ചിനീയർ | 46 | 18 | 1,90,32,499 | 62,03,313 |
| ആകെ | | 132 | 82 | 60448825 | 27154602 |

ഫണ്ട് അടിസ്ഥാനത്തിലുള്ള വരവ് ചെലവ് വിവരം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ചെലവ് | നീക്കിയിരുപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 6959021 | 6959021 | 6955968 | 3053 | 99% |
| വികസനഫണ്ട് എസ്.സി.പി | | 3478294 | 3478294 | 2397168 | 1081126 | 68% |
| വികസനഫണ്ട് ടി.എസ്.പി. | | 85000 | 85000 | 60938 | 24062 | 71.69% |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | | 4010000 | 4010000 | 1956674 | 2053326 | 48.79% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 32,51,000 | 32,51,000 | 2710332 | 540668 | 83.3% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 5847441 | 5847441 | 2780601 | 3066840 | 47.5% |
| പെർഫോമൻസ് ഗ്രാന്റ് | 3,33,262 | | 3,33,262 | 1563 | 331699 | .4% |

വികസനഫണ്ട് പൊതുവിഭാഗം, സംരക്ഷണഗ്രാന്റ് നോൺറോഡ് ഇനങ്ങളിൽ യഥാക്രമം 99%, 83% ചെലവ് വന്നിട്ടുള്ളത് തികച്ചും അഭിനന്ദനാർഹമായ കാര്യമാണ്. എന്നാൽ സംരക്ഷണഗ്രാന്റ് റോഡ് ഇനത്തിലുള്ള ചെലവ് ശതമാനം 48.79% മാത്രമാണെന്നുള്ളതും പെർഫോമൻസ് ഗ്രാന്റ് ഇനത്തിൽ തുച്ഛമായ തുകയാണ് ചെലവഴിച്ചിട്ടുള്ളതും ഒരു പോരായ്മയാണ്. തുടർ വർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. അനിവാര്യ വകയിരുത്തലിൽ ഉൾപ്പെട്ട അഗതി രഹിത കേരളം(ആശ്രയ) പദ്ധതിക്കായി 1,00,000/-രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് തുടർ വർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2974 | 1277776 | 1280750 | 1278178 | 2572 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്ന പണം | | 19258272 | 19258272 | 19258272 | |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 97320 | 61 |
| കർഷകതൊഴിലാളി പെൻഷൻ | 2466600 | 403 |
| വിധവാൻഷൻ | 2941800 | 519 |
| വാർദ്ധക്യകാല പെൻഷൻ | 5394600 | 1038 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 751200 | 138 |
| അൻപത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 305400 | 51 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.03.2021 - ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 8644/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയിൻമേൽ വിലയിരുത്തൽ നടത്തുന്നതായി രേഖയില്ല. മിക്ക പദ്ധതി നിർവ്വഹണ ഫയലുകൾക്കൊപ്പവും മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല, ഉള്ളവ അപൂർണ്ണമാണ്.
2. പഞ്ചായത്തുകമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നതായി മിനിട്സിൽ രേഖയില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപലിക്കുന്നില്ല.
3. പഞ്ചായത്തിന് ISO Certification (TQS/Q-1134/20-12-2019) ലഭിച്ചിട്ടുണ്ടെങ്കിലും ഇതുസംബന്ധമായ സൗകര്യങ്ങൾ പൂർണ്ണമായും ഒരുക്കിയിട്ടില്ല. റക്കാർഡ് റൂം സജ്ജമാക്കപ്പെട്ടിട്ടില്ല.
4. വിവിധ പ്രവൃത്തികൾക്കായി വൻതുക നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നൽകി വർഷങ്ങൾക്കുശേഷവും പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതിൻമേൽ ഫലപ്രദമായ ഇടപെടീൽ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.
5. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്.

6. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

7. ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ മാന്വലായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

8. പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്കൊന്നും നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

9. സ്റ്റോക്ക് രജിസ്റ്ററുകൾ മുൻവർഷ നീക്കിയിരുപ്പുകൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് ഏജൻസി | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൌണ്ടന്റ് ജനറൽ | | 2011-12 മുതൽ 2015-16 വരെ | എൽ ബി എ (എച്ച്. ക്യൂ) V/8A K-2568/2016-17/248 Dtd-22k-03-2007 |
| പെർഫോമൻസ് ഓഡിറ്റ് | | 2/21 വരെ | റിപ്പോർട്ട് ലഭ്യമായില്ല |

## 1-11 ടെണ്ടർഫീസ് - പഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളത് 35535/- രൂപ

ഗ്രാമപഞ്ചായത്ത് 2015-16 മുതൽ 2019-20 വരെ ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 48685/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരുന്നു. എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ ഓൺലൈനായി ക്രെഡിറ്റ് വന്ന ഈ തുകയിൽ 2016-17 വർഷം ഒടുക്കിയ 13150/- രൂപ മാത്രമാണ് തിരികെ ലഭിച്ചതെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെന്റർ മുഖേന നടപ്പാക്കിയ പ്രവർത്തികളുടെ എണ്ണം | ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക | തിരികെ ലഭിച്ച തുക | ലഭിക്കാനുള്ള തുക |
|---|---|---|---|---|
| 2015-16 | 2 | 15775 | - | 15775 |
| 2016-17 | 2 | 13150 | 13150 | |
| 2017-18 | 2 | 2980 | - | 2980 |
| 2018-19 | 7 | 14280 | - | 14280 |
| 2019-20 | | 2500 | | 2500 |
| ആകെ. | | 48685 | 13150 | 35535/- |

ടെന്റർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള 35535/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വാണിജ്യാവശ്യകെട്ടിടങ്ങളെ ആകെ വിസ്തൃതിക്കനുസൃതമായി നികുതി നിർണ്ണയം

നടത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 40/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60/-രൂപയും ആയി നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിനായി ഉടമയുടെ ആവശ്യപ്രകാരം വിവിധ നമ്പരിട്ടുനൽകുകയും ബാധകമായ നികുതി 100 ച.മീറ്ററിന് താഴെയുള്ള നിരക്ക് അടിസ്ഥാനമാക്കി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട് (ഉചിതമായ കാരണങ്ങളാൽ മാത്രമെ ഒരേ കെട്ടിടത്തിലെ മുറികൾക്ക് വ്യത്യസ്ത നമ്പരുകൾ നൽകാൻ പാടുള്ളൂ). ഇപ്രകാരം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യമെന്നത് മാത്രമായിരുന്നു. ആയതിനാൽ ഇത് ക്രമപ്രകാരമുള്ള നടപടിയല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ നമ്പർ | ആകെ തറവിസ്തതി ച.മീ |
|---|---|---|---|
| 1 | ജയലാൽ ജിജിമോൾ ഐശ്വര്യാസ് | 11/262 A To F | 129.51 |
| 2 | യു പ്രസാദ് സിന്ദൂരം ചിങ്ങോലി | 11/362 A To G | 144 |
| 4 | സുജ തോമസ് ആല്യംമൂട്ടിൽ കാർത്തികപള്ളി | 1/309 A To E | 146.99 |
| 5 | സഹദേവൻ, നന്ദിനി കോംപ്ലക്സ് | 6 /15 A To H | 550 |
| 6 | പ്രസിഡന്റ് ഹിദായത്തുൾ ഇസ്ലാം സംഘം വന്ദിക പള്ളി | 8/342 A To J | 135.45 |

ഒരേ ഉപയോഗക്രമമായിരിന്നിട്ടും ആകെ തറവിസ്തതിക്കനുസൃതമായി നികുതിനിർണ്ണയം നടത്താതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം- 20 തീയതി – 5/3/2021) മറുപടി ലഭ്യമാക്കിയില്ല. പ്യൂരിഫിക്കേഷൻ നടപടികളിലൂടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയം സംബന്ധിക്കുന്ന കോടതി വ്യവഹാരം- തുടർ നടപടി വിവരം ലഭ്യമല്ല

ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ ഏഴാം വാർഡിൽ ശ്രീ. സന്ദീപ് കൃഷ്ണ, കൃഷ്ണേന്ദു എന്നയാളുടെ പേരിലുള്ള കെട്ടിടത്തിന്റെ വസ്തു നികുതി 2013 ലെ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങളുടെ നിരക്കിൽ (ച.മീ ന് 150 രൂപ) കണക്കാക്കി ഡിമാൻഡ് ചെയ്തിരുന്നു (കെട്ടിട നം- 7/26). എന്നാൽ ഈ കെട്ടിടത്തിന്റെ ഉടമ പഞ്ചായത്തിന്റെ നടപടിക്കെതിരെ ബഹു. ഹൈക്കോടതിയെ സമീപിക്കുയും (കേസ് നം. W.P.(C) Nos.14537 Of 2016 (N) & 9931 Of 2017 (N) ) കെട്ടിട ഉടമയ്ക്ക് അനുകൂലമായി വിധി ഉണ്ടാകുകയും ചെയ്തു (ജഡ്ജമെന്റ് തീയതി.21-11-2017). തുടർന്ന് ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ WP(C)11439 / 2018 (D) നമ്പർ കേസിലുണ്ടായ വിധി പ്രകാരം (03-04-2018) ടി കെട്ടിടത്തിന് പ്രതിവർഷം 199762/- രൂപ വസ്തുനികുതി നികുതി നിർണ്ണയിച്ച് നൽകിയ ഡിമാൻഡ് നോട്ടീസ് റദ്ദ് ചെയ്യുകയും സ്വകാര്യ ആശുപത്രികൾക്ക് ബാധകമായ നിരക്കിൽ നികുതി നൽകുവാൻ കെട്ടിട ഉടമയോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ 07/04/2018 ലെ 6 (1) നമ്പർ തീരുമാനപ്രകാരം മേൽ വിധിക്ക് അപ്പീൽ സമർപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. മേൽ നമ്പർ കേസിലുണ്ടായത് ഇടക്കാല വിധി മാത്രമാണ്. ഇടക്കാല വിധിയിലെ സ്റ്റേ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമല്ല. ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഗ്രേഡിംഗ് സംബന്ധിക്കുന്ന വിവരങ്ങൾ കേസിന്റെ വിജയത്തിന് ആവശ്യമായതിനാൽ ആയത് ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പിന് കത്ത് നൽകിയെങ്കിലും (കത്ത് നം- എ4 /20183/18 തീയതി. 24/01/2019) ഇത് സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ നികുതി വരുമാനത്തെ ബാധിക്കുന്ന ഗൌരവമുള്ള വിഷയം എന്ന നിലയിൽ ഇക്കാര്യത്തിൽ സത്വരമായി തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-14 അനധികൃത കെട്ടിടങ്ങളുടെ നികുതി നിർണ്ണയം

വസ്തുനികുതി ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തനതുവരുമാനമാണ്. ഈ ഇനത്തിലെ വരുമാന വർദ്ധനവിന് ഗ്രാമപഞ്ചായത്തിന്റെ നിരന്തരമായ ഇടപെടലുകൾ അത്യാവശ്യമാണ്. നികുതി ചുമത്തപ്പെടാതെ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളെ

കണ്ടെത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കുക വഴി അനധികൃത കെട്ടിട നിർമ്മാണം നിരുൽസാഹപ്പെടുത്തുന്നതിന് മാത്രമല്ല പഞ്ചായത്തിന്റെ തനത് വരുമാനവർദ്ധനവിനും സഹായകമാവും. ചിങ്ങോലി ആയുർവേദ എന്ന സ്വകാര്യ ആയുർവേദ ആശുപത്രിയുടെ കോംമ്പൌണ്ടിൽ സ്ഥിതി ചെയ്യുന്ന സൌത്ത് ഇൻഡ്യൻ ബാങ്ക് എ.റ്റി.എം പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുന്നില്ല. ഈ കെട്ടിടത്തിനെ സംബന്ധിച്ച് പഞ്ചായത്തിന്റെ പക്കലുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം- 12/04-03-2021) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ഈ കെട്ടിടത്തിനെ സംബന്ധിക്കുന്ന വിവരങ്ങൾ അന്വേഷിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. നികുതി ചുമത്തപ്പെടാത്ത കെട്ടിടങ്ങളെ സംബന്ധിക്കുന്ന പരിശോധനകൾ ഊർജ്ജിതമാക്കേണ്ടതുമാണ്.

## 1-15 നികുതി പിരിവിന്റെ പുരോഗതി-പഞ്ചായത്തിന്റെ നേട്ടങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ അടിത്തറയിലെ സുപ്രധാന ഇനമായ വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് അഭിമാനകരമായ നേട്ടം കൈവരിച്ചു. കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ള ഒരു സ്വകാര്യ കെട്ടിടത്തിന്റെ വസ്തുനികുതി ഒഴികെ മറ്റുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാൻഡ് പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ ആകെ തറവിസ്തൃതി കണക്കാക്കി നികുതി ചുമത്താതിരുന്നത് ഡിമാൻഡ് കുറയാനിടവന്നിട്ടുണ്ട്. സോഫ്റ്റ്‌വേറിൽ നികുതിനിർണ്ണയവുമായി ബന്ധപ്പെട്ട് ചില അപാകതകളും നിലനിൽക്കുന്നുണ്ട്. പൊതുവിൽ വസ്തുനികുതി തൊഴിൽ നികുതി എന്നിവയുടെ പിരിവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് നടത്തിയ പരിശ്രമങ്ങൾ ലക്ഷ്യത്തിലേക്ക് അടുക്കുന്നുവെന്നത് പ്രത്യേകം പരാമർശിക്കുന്നു.

## 1-16 തൊഴിൽ നികുതി-പൂർണ്ണമായും ഡിമാൻഡ് ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല.

| | | |
|---|---|---|
| 1 | കെ.എസ്.ഇ.ബി (സ്ഥാപനങ്ങളുടെ തൊഴിൽ നികുതി) | I & II |
| 2 | ബി.എസ്.എൻ.എൽ (സ്ഥാപനങ്ങളുടെ തൊഴിൽ നികുതി) | I & II |
| 3 | കണ്ണാട്ട് അരുൺ ഗ്രൂപ്പ് ഫൈനാൻസിയേഴ്സ് കാർത്തികപള്ളി (സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽനികുതി) | I & II |

തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി - ലോഡ്ജ് ഓഡിറ്റോറിയം ഉടമകകളെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാബേസ് പ്രകാരം ലോഡ്ജുകളായോ ഓഡിറ്റോറിയമായോ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരം പഞ്ചായത്തിന് ലഭ്യമാക്കിയിരുന്നു. എന്നാൽ ഈ സ്ഥാപന ഉടമകളെ തൊഴിൽ നികുതി ചുമത്തുവാൻ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ല.

| | | |
|---|---|---|
| 1 | അബ്ദുൾ വാഹിദ് കരണ്ടിക്കുഴിയിൽ | 8/161 H, I |
| 2 | സുരേഷ്.ജെ. ശ്രേയസ് | 4/2/B |

ലോഡ്ജുകളായി/ഓഡിറ്റോറിയമായി പ്രവർത്തിക്കുന്ന കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കേണ്ടതാണ്.

## 1-18 അഗതി ആശ്രയ പദ്ധതി

അഗതി ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി സി.ഡി.എസ് ന്റെ അക്കൗണ്ടിലേക്ക് 2019-20 വർഷം പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് അനുവദിച്ച 1,00,000/- രൂപ അഗതി രഹിത കേരളം പദ്ധതിയുടെ താഴെപ്പറയുന്ന 2 ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണിയ്ക്കായി നൽകിയിട്ടുണ്ട്. (1) കുട്ടി, കൊട്ടാരത്തിൽ, വാർഡ് -2, (2) സരസമ്മ, പുളിമൂട്ടിൽ, വാർഡ് -13. വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ച് തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. ചലഞ്ച് ഫണ്ടുൾപ്പടെ 31-03-2020 ൽ സി.ഡി.എസ്. അക്കൗണ്ടിൽ 12,32,331/-രൂപ ശേഷിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ചലഞ്ച് ഫണ്ട് | 11,88,428 |
| പലിശ | 43903 |
| ആകെ | 12,32,331/- |

ചലഞ്ച് ഫണ്ട് ഉപയോഗിച്ച് 86 ഗുണഭോക്താക്കൾക്കായി പോഷകാഹാര വിതരണം, മെഡിക്കൽ ക്യാമ്പ് എന്നീ പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. അർഹരായ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുകയും അഗതി ഗുണഭോക്താക്കളിൽ ഭവനരഹിതരായിട്ടുള്ളവർക്ക് ലൈഫ് ഭവനപദ്ധതിയിൽ സി.ഡി.എസ്. വഴി അപേക്ഷ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഉപസമിതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് പഞ്ചായത്ത് ഭരണസമിതിയിൽ വെച്ച് പദ്ധതി പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

## 1-19 വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപ പ്രവർത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത 51.65 ലക്ഷം രൂപ വിനിയോഗിക്കാതെ നിക്ഷേപമായി തുടരുന്നു

വിവിധ നിർമ്മാണ/നിക്ഷേപ പ്രവർത്തികൾക്കായി ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള 51.65- ലക്ഷം രൂപയാണ് വിനിയോഗ വിവരങ്ങളില്ലാതെ വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപമായി ഇപ്പോഴും തുടരുന്നത്. 2016-17, 2017-18, 2018-19 വർഷങ്ങളിൽ കെ.എസ്.ഇ.ബി, ജല അതോറിറ്റി, പബ്ളിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് എന്നീ നിർവ്വഹണ ഏജൻസികളിൽ ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | വർക്കിന്റെ പേര് | തുക | നിർവ്വഹണ ഏജൻസി | ഫണ്ടിനം |
|---|---|---|---|---|
| 89/2017 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 701811 | കേരള വാട്ടർ അതോറിറ്റി | എൻ.റ്റി.പി.സി ഫണ്ട് |
| 98/2017 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 280326 | കേരള വാട്ടർ അതോറിറ്റി | പ്ലാൻ ഫണ്ട് |
| 98/2017 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 559674 | കേരള വാട്ടർ അതോറിറ്റി | സി.എഫ്.സി ഗ്രാന്റ് |
| 107/18 | ആർ. ഒ. പ്ലാൻറ് നിർമ്മാണം | 18,75,000 | കേരള വാട്ടർ അതോറിറ്റി | എൻ. റ്റി.പി.സി ഫണ്ട് |
| 39/2018 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 13,66,000 | കേരള വാട്ടർ അതോറിറ്റി | സി.എഫ്.സി ഗ്രാന്റ് |
| 133/19 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 2,39,086 | കെ.എസ്.ഇ.ബി. കാർത്തികപ്പള്ളി | സി.എഫ്.സി ഗ്രാന്റ് |
| 133/19 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 45,066 | കെ.എസ്.ഇ.ബി. മുതുകുളം | സി.എഫ്.സി ഗ്രാന്റ് |
| 133/19 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 51,368 | കെ.എസ്.ഇ.ബി. ചേപ്പാട് | പ്ലാൻ ഫണ്ട് |
| 133/19 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 47,008 | കെ.എസ്.ഇ.ബി. ചേപ്പാട് | സി.എഫ്.സി ഗ്രാന്റ് |
| 133/19 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 36 | കെ.എസ്.ഇ.ബി. ചേപ്പാട് | തനതുഫണ്ട് |
| 91/18 | അംഗൻവാടി നവീകരണം | 40,000 | പി.ഡബ്ല്യു.ഡി. | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |

തുക പൂർണ്ണമായും വിനിയോഗിച്ച് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളപക്ഷം വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാനും, പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ വർക്കുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ-16 തീ.04.03.2021) മറുപടി ലഭിച്ചിട്ടില്ല.

നിർവ്വഹണ ഏജൻസികളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയോടുകൂടി നൽകുമ്പോൾ ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രം തുക മുൻകൂറായി നൽകാൻ പാടുള്ളൂവെന്ന നിബന്ധന ഇവിടെ പാലിക്കപ്പെടുന്നില്ല. തന്മൂലം സമയബന്ധിതമായി പൂർത്തീകരിക്കേണ്ട നിക്ഷേപ പ്രവർത്തികളിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് പഞ്ചായത്തിനുള്ളത്. പഞ്ചായത്തിന്റെ ഓരോ വർഷത്തേയും പദ്ധതി ചെലവ് ഉയർത്തികാണിക്കുവാൻ മാത്രമായി പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായ പ്രവർത്തികൾ മാറുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. നിക്ഷേപ പ്രവർത്തികൾ നിരീക്ഷണം നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്തമാകയാൽ പ്രവർത്തികൾ പൂർത്തീകരിക്കുവാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ വിനിയോഗം - നാഷണൽ തെർമ്മൽ പവർ കോർപ്പറേഷന്റെ കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി (സി.എസ്.ആർ ) ഫണ്ടുകളുൾപ്പെടെ ചെലവഴിക്കുന്നതിൽ ഗ്രാമപഞ്ചായത്തിനുണ്ടായ വീഴ്ച

പ്രത്യേക ആവശ്യങ്ങൾക്കായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റിടങ്ങളിൽ നിന്നും ലഭിച്ചതുമായ ഫണ്ടുകളുടെ വിനിയോഗത്തിന് പഞ്ചായത്ത് ഊർജ്ജിതമായ ശ്രമങ്ങൾ നടത്തുന്നില്ല. ഓഡിറ്റ് വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വിവിധ ഉറവിടങ്ങളിൽ നിന്നായി പ്രത്യേക പദ്ധതികൾക്കായി/പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച പണം ഉപയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ഉപയോഗിക്കാതെ അവശേഷിക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് കോഡ്- വിവരണം | 31-03-2020 ലെ നീക്കിയിരിപ്പ് | റിമാർക്ക്സ് |
|---|---|---|---|
| 1 | 320100115-Centrally Sponsored Schemes-Total Sanitation Campaign (TSC) | 407879 | ഓഡിറ്റ് വർഷം ചെലവില്ല |
| 2 | 320300103- Grants Funds And Contributions For Specific Purposes- Other Gov Agencies-Total Sanitation | 334524 | |
| 3 | 320100101-Centrally Sponsored Schemes ICDS | 256246 | |
| 4 | 320100299- Grants Funds And Contributions For Specific Purposes-Other Central Gov Grants-Other Grants | 4451232 | ഈ ഹെഡ്ഡിൽ NTPC യുടെ CSR Fund ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റ് വർഷം ഈ ഹെഡ്ഡിൽ 1000000/- രൂപ വരവുണ്ട്. എന്നാൽ ചെലവുകളില്ല. |
| 5 | 320700105-Contributions For Joint Venture Projects(For Capital Expenditure) From District Panchayat | 1000000 | ഓഡിറ്റ് വർഷം ചെലവില്ല. മുന്നിരിപ്പായി തുടരുന്ന തുക. |
| 6 | 320700204-Contributions For Joint Venture Projects(For Revenue Expenditure) From Block Panchayatk. | 1460000 | |

| | | | |
|---|---|---|---|
| 7 | 320700205-Contributions For Joint Venture Projects(For Revenue Expenditure) From District Panchayat | 900279 | |
| 8 | Other Awards From State Government | 200000 | |

വാർഷിക കണക്കുകളിൽ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി തുടരുന്ന ഈ ഫണ്ടിനങ്ങളുടെ വിനിയോഗം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം- പ്രവൃത്തിയുടെ നിർവ്വഹണത്തിൽ നിരവധി അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചാത്ത് ഓഫീസ് നവീകരണം |
| പ്രോജക്ട് നം. | 104/20 |
| നിർവ്വഹണ ഏജൻസി | ARTCO LTD, കൊല്ലം |
| എഗ്രിമന്റ് നം./തീയതി | 1A/19-9-19 |
| പിൻവലിച്ച തുക | 420000 |
| ബിൽ നം /തീയതി | 21/18-1-20 |

പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഇതിലേക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതായോ ആയതിന് സാങ്കേതികാനുമതി ലഭിച്ചതായോ രേഖയില്ല.

2) പദ്ധതി നിർവ്വഹണഭാഗമായി തൻവർഷം 420000/- രൂപ പിൻവലിച്ചുവെങ്കിലും പ്രവൃത്തിയുടെ അളവുകൾ എം-ബുക്കിൽ രേഖപ്പെടുത്തിയതിന്റെയും മൂല്യനിർണ്ണയം നടത്തിയതിന്റേയും രേഖകൾ ഓഡിറ്റിൽ ലഭ്യമായിട്ടില്ല.

3) GST ഉൾപ്പടെയുള്ള ബില്ലാണ് സ്ഥാപനം ഹാജരാക്കിയിട്ടുള്ളത്. 2.5 ലക്ഷം രൂപക്കു മുകളിലുള്ള പേയ്മന്റ് നടത്തുമ്പോൾ 2% തുക GST യുടെ ടി ഡി എസ് ഇനത്തിൽ ഈടാക്കി ശേഷിച്ച തുകയാണ് നിർവ്വഹണ ഏജൻസിക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ ഈ ഇനത്തിൽ കുറവുകൾ ഒന്നും വരുത്താതെ നിർവ്വഹണ ഏജൻസിക്ക് തുക നൽകി. GST കഴിച്ചുള്ള തുകയുടെ 2% ആയ 7059/- രൂപയാണ് (352941x2%) ഈ ഇനത്തിൽ നിർവ്വഹണ ഏജൻസിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്.

4) നിർവ്വഹണ ഏജൻസി ഹാജരാക്കിയ ബില്ലിലെ GST കഴിച്ചുള്ള തുകയായ 352941/- രൂപയുടെ 1% ആയ 3529/- രൂപ ആദായനികുതിയിനത്തിൽ ഈടാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആദായനികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്നത് 2% തുകയാണ്. 3529/- രൂപ ഈ ഇനത്തിൽ കുറവുവന്നിട്ടുണ്ട്.

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷത്തിന് (നം.9/3-3-21) അക്രഡിറ്റഡ് ഏജൻസികൾ ചെയ്യുന്ന വർക്കുകൾക്ക് അവരുടെതന്നെ എൻജിനീയർമാർ മെഷർമെന്റുകൾ എടുത്ത് ചെക്ക്മെഷർ ചെയ്ത ബില്ലുകൾ ഹാജരാക്കുകയാണ് ചെയ്യുന്നതെന്നും, ഇപ്രകാരമുള്ള ബില്ലുകൾ ഹാജരാക്കാൻ ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. GST യുടെ TDS, ആദായനികുതി എന്നീ ഇനങ്ങളിൽ ഈടാക്കാൻ വിട്ടുപോയ തുക ബാലൻസ് വർക്കിന്റെ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്നും ടിയാൻ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിർവ്വഹണ ഏജൻസി നടത്തിയ പ്രവൃത്തികളുടെ മൂല്യനിർണ്ണയം നടത്തി അതിനനുസൃതമായി മാത്രം തുക നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. GST യുടെ TDS, ആദായനികുതി എന്നീ ഇനങ്ങളിൽ കുറവുവന്ന തുക ഈടാക്കി ഒടുക്കുവരുത്തിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മേൽക്കാരണങ്ങളാൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ- നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ |
| പ്രോജക്ട് നം. | 87/20 |
| എസ്റ്റിമേറ്റ് | 222700/- |
| നിർവ്വഹണ ഏജൻസി | I R T C, പാലക്കാട് |
| എഗ്രിമന്റ് നം./തീയതി | 9/18-12-19 |
| അളവു പുസ്തക നം. | 7/19-20 |
| പിൻവലിച്ച തുക | 44540 |

| | |
|---|---|
| ബിൽ നം. /തീയതി | 22/22-2-20 |

ഗ്രാമപഞ്ചായത്തിലെ ചൂരവിള എൽ.പി സ്കൂളിൽ ഫ്ളോട്ടിംഗ് ഡോം ടൈപ്പ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി IRTC യെ പഞ്ചായത്തുകമ്മിറ്റി തെരഞ്ഞെടുക്കുകയും 222700/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തതിനെ തുടർന്ന് (28-10-19 ലെ 1(9) തീരുമാനം) നിർവ്വഹണ ഏജൻസി എഗ്രിമെന്റ് ചമച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിപ്രവർത്തനം ആരംഭിക്കുന്നതിനായി അടങ്കൽ തുകയുടെ 20% ആയ 44540/- രൂപ നിർവ്വഹണ ഏജൻസിക്ക് പിൻവലിച്ച് നല്കിയിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം പരമാവധി നാലു മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടിയിരുന്ന ഈ പ്രവർത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായതായോ, ശേഷിച്ച തുക നിർവ്വഹണ ഏജൻസിയ്ക്ക് നൽകിയതായോ രേഖയില്ല.

ഇതിൻമേൽ വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം : 7/2-3-21) പ്ലാന്റ് പൂർത്തീകരിച്ചുവെങ്കിലും സ്കൂൾ പ്രവർത്തിക്കാത്തതിനാൽ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും, ശേഷിച്ച തുക നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കി. മേൽക്കാരണത്താൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്കൂൾ പ്രവർത്തിക്കുന്ന മുറയ്ക്ക് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-23 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്-പ്രവർത്തനക്ഷമമാക്കുന്നതിൽ വീഴ്ച

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് |
| പ്രോജക്ട് നം. | 102/18 |
| എസ്റ്റിമേറ്റ് | 700000 |
| നിർവ്വഹണ ഏജൻസി | I R T C ,പാലക്കാട് |
| എഗ്രിമെന്റ് നം./തീയതി | 21/24-3-18 |
| അളവു പുസ്തക നം. | 1/19,6/19 |
| പിൻവലിച്ച തുക | 638691 |
| ബിൽ നം. /തീയതി | 1/25-6-19 |

പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിന്റെ മൂന്നാം വാർഡിലുള്ള പി എച്ച് സി യുടെ കിഴക്കുവശത്തായും, രണ്ടാംവാർഡിലെ ആയുർവേദ ആശുപത്രിയുടെ മുൻവശത്തായും ഷെഡ് നിർമ്മിച്ച് അവിടെ 1.43x1.43 $M^2$ സൈസിലുള്ള മൂന്നു ബിന്നുകൾ വീതം നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാാക്കി നിർവ്വഹണഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ രണ്ട് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടേയും നിർമ്മാണം നടന്നിട്ടുള്ളത് സ്വകാര്യ വ്യക്തികളുടെ ആസ്തികളിലാണ്. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കാൻ പത്തുവർഷത്തേക്ക് സ്ഥലം വിട്ടുനൽകാൻ സമ്മതമാണെന്നു കാണിച്ച് ടി വ്യക്തികൾ ഒരു എഗ്രിമെന്റ് വച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്ഥലത്ത് നിർമ്മാണം നടത്തിയിട്ടുള്ളത്. എന്നാൽ യൂണിറ്റുകളുടെ നിർമ്മാണം ഇപ്രകാരം സ്വകാര്യ സ്ഥലത്തേക്ക് മാറ്റിയതിനുള്ള കാരണം വിശദമാക്കപ്പെട്ടിട്ടില്ല. കൂടാതെ 08-01-2018 ൽ പൂർത്തീകരിച്ച ഈ യൂണിറ്റുകൾ പ്രവർത്തനസജ്ജമായെന്നതിനും രേഖയില്ല. യൂണിറ്റുകളുടെ നടത്തിപ്പ് ചുമതല ഏതെങ്കിലും വ്യകതികളെ/ സംഘടനയെ ഏൽപ്പിച്ചതായോ, യൂണിറ്റുകളുടെ പ്രവർത്തനത്തിന് അനിവാര്യമായ ഇനോകുലം വാങ്ങി ഉപയോഗിച്ചതായോ, ഇതിലേക്ക് തുക ചെലവഴിച്ചതായോ രേഖയില്ല.

2) 2.5ലക്ഷം രൂപക്കു മുകളിലുള്ള പെയ്മെന്റ് നടത്തുമ്പോൾ 2% തുക GST യുടെ ടി ഡി എസ് ഇനത്തിൽ ഈടാക്കി ശേഷിച്ച തുകയാണ് നിർവ്വഹണ ഏജൻസിക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ ഈ ഇനത്തിൽ കുറവുകൾ ഒന്നും വരുത്താതെയാണ് നിർവ്വഹണ ഏജൻസിക്ക് തുക നൽകിയിട്ടുള്ളത്.

മുകളിൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ഹാജരാക്കുവാനും, രേഖകൾ ഉള്ളപക്ഷം ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനും നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 8/3-3-21) സ്ഥല പരിമിതി മൂലമാണ് യൂണിറ്റുകൾ സ്വകാര്യസ്ഥലത്ത് നിർമ്മിക്കാൻ കാരണമെന്നും, പഞ്ചായത്തിലെ വ്യാപാരസ്ഥാപന ഉടമകളെ ഉൾപ്പെടുത്തി ഹരിതകർമ്മസേനയുടെ സഹായത്തോടെ കമ്പോസ്റ്റ് യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും, GSTയുടെ TDS ഇനത്തിലുള്ള 2% തുക സ്ഥാപനം അടവാക്കിയ രേഖ ഓഡിറ്റിൽ ഹാജരാക്കുവാനും നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നല്കി. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനം കാര്യക്ഷമമാക്കാൻ സത്വരനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതും, TDS ഇനത്തിലുള്ള 12774/- രൂപ ( 638691x2%) ഈടാക്കി ഒടുക്കു വരുത്തുവാൻ നടപടി സ്വികരിക്കേണ്ടതുമാണ്.

## 1-24 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പാറയുടെ വിലയിനത്തിൽ കരാറുകാരന് അധികം തുക അനുവദിച്ചു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയൽസ് ടെണ്ടർ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. റീടെയിനിങ്ങ് വാളിന്റെ നിർമ്മാണത്തിനായി കരാറുകാർ ലഭ്യമാക്കിയ പാറയുടെ അളവിൽ നിന്നും CPWD Specification 1-27.2.5 വോയ്ഡ്സ് ഇനത്തിൽ 15% കുറവുവരുത്തി ശേഷിച്ച അളവിന് മാത്രമാണ് തുക നൽകേണ്ടിയിരുന്നതെങ്കിലും ഇതുപരിഗണിക്കാതെ ബിൽതുക നൽകുക വഴി അധികചെലവുണ്ടായിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ലഭ്യമാക്കിയ പാറയുടെ അളവ് $M^3$ | നൽകിയ തുക @1900 | 15% വോയ്ഡ്സ് കുറച്ചുള്ള അളവ് $M^3$ | നൽകേണ്ടിയിരുന്ന തുക @1900 | അധികം | FTO നം / തീയതി |
|---|---|---|---|---|---|---|---|
| പ്രഭാലയം വീടിനു സമീപം റീടെയിനിങ്ങ് വാൾ നിർമ്മാണം | പൊന്നപ്പൻ | 6 | 11400 | 5.1 | 9690 | 1710 | FTO-166650 / 6-8-19 |
| പടവുങ്കൽ വീടിന് സമീപം റീടെയിനിങ്ങ് വാൾ നിർമ്മാണം | ഉല്ലാസൻ | 13.6 | 25840 | 11.56 | 21964 | 3876 | FTO-166569 / 6-8-19 |
| ആകെ | | | | | | 5586 | |

കരാറുകാർക്ക് ക്രമപ്രകാരമല്ലാതെ അധികം തുക അനുവദിച്ചതിൻമേൽ വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/4-3-21) ഈ ഇനത്തിൽ അധികമായി നൽകിയ തുക കരാറുകാരുടെ EMD, Security Deposit എന്നീ ഇനങ്ങളിൽ പഞ്ചായത്തിൽ ലഭിച്ച തുകയിൽ നിന്നും ഈടാക്കുന്നതാണെന്ന് അക്രഡിറ്റഡ് എൻജിനീയർ മറുപടി നൽകി. അധികചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-25 റോഡ്കട്ടിങ്ങ് ചാർജിനൊപ്പം നിയമാനുസൃതമായ ജി എസ് ടി ഈടാക്കിയില്ല

പഞ്ചായത്തിലെ അർച്ചനാ ജംഗ്ഷൻ മുതൽ സംഗമം ജംഗ്ഷൻ വരെയുള്ള റോഡ്കട്ടിങ്ങ് റീസ്റ്റൊറേഷൻ ചാർജിനത്തിൽ 523921/- രൂപയുടെ എസ്റ്റിമേറ്റ് അസി.എൻജിനീയർ തയ്യാറാക്കി സമർപ്പിക്കുകയും (Road Cutting @3090.57/$M^2$; Berm Cutting @359.85/M2)കെ.എസ്.ഇ.ബി ചേപ്പാട് സെക്ഷനിൽ നിന്നുമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ 100000/-രൂപ മാത്രം കെ.എസ്.ഇ.ബി -യിൽ നിന്നും ഈടാക്കി അനുവാദം നൽകുവാൻ 6-8-19 ൽ കൂടിയ പഞ്ചായത്തുകമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു (തീരുമാനം നം: 1-1). ഈ തുക 119010500179/18-2-20 നംപർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ റോഡ്കട്ടിങ്ങ് ചാർജിനൊപ്പം Go(Rt)No.1366/2019/LSGD/3-7-19പ്രകാരം ഈടാക്കേണ്ടിയിരുന്ന 12% GST

ഇനത്തിലുള്ള തുക ഈടാക്കിയിട്ടില്ല. ഇതിനുള്ള കാരണവും, എസ്റ്റിമേറ്റിൽ കുറച്ച് റോഡ്കട്ടിങ്ങ് ചാർജ് ഈടാക്കുവാൻ തീരുമാനമെടുത്തതിനുള്ള കാരണവും അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:19/5-3-21) കേബിൾ സ്ഥാപിച്ചശേഷം KSEB തന്നെ Restoration ചെയ്തുതരാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിലാണ് റോഡ്കട്ടിങ്ങ് ചാർജ് കുറവായി ഈടാക്കിയതെന്നും, GST തുക ഒടുക്കുന്നതിന് KSEB യോട് ആവശ്യപ്പെടുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. റോഡ് കട്ടിങ്ങ് നടത്തിയ ഭാഗം മുമ്പുണ്ടായിരുന്ന അതേ ഗുണനിലവാരത്തിൽ പുനർ നിർമ്മിച്ചിട്ടുണ്ടോയെന്നും ഇത് സംബന്ധിച്ച് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കേണ്ടതാണ്. ഒടുക്കുവരുത്തിയ റോഡ്കട്ടിങ്ങ് ചാർജിന്റെ 12% ആയ 12000/- രൂപ GST ഇനത്തിൽ ഈടാക്കി അടക്കുവാൻ സത്വര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച

പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ മുഴുവൻ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ അപൂർണ്ണവും, രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തൽ വരുത്താത്തവയുമാണ്.
2. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളിന്മേൽ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ വിവരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
3. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.പി/എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
4. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും, റോഡ് കണക്റ്റിവിറ്റി മാപ്പും സൂക്ഷിച്ചിട്ടില്ല.

ആസ്തിരജിസ്റ്റർ കാലികമാക്കാത്തത് പ്രവൃത്തികളുടെ ഇരട്ടിപ്പിനും അതുവഴി അധികചെലവിനും, ആസ്തികളുടെ കൈയ്യേറ്റത്തിനും ഇടയാക്കുമെന്നതിനാൽ അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 കാർഷിക മേഖലയിലെ പ്രോജക്റ്റുകൾ- ഒരു അവലോകനം

സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പടെ കാർഷിക മേഖലയിൽ തൻവർഷം നടപ്പാക്കാനായി ഏറ്റെടുത്ത 9 പ്രോജക്ടുകളിൽ, 7 പ്രോജക്ടുകളും നടപ്പായി. എന്നുമാത്രമല്ല, സ്പിൽ ഓവർ പദ്ധതികളിൽ 100% ചെലവ് നടന്നിട്ടുണ്ട്. ആകെ 64% പദ്ധതി ചെലവ് വന്നിട്ടുള്ള ഈ മേഖലയിൽ, നടപ്പിലാക്കിയ 3 പദ്ധതികളുടെ ചെലവ് 30 ശതമാനത്തിൽ താഴെ മാത്രമാണ്. പ്രത്യേക ഘടക പദ്ധതിയായി ആവിഷ്കരിച്ചിട്ടുള്ള കേരസമൃദ്ധി-തെങ്ങിൻതൈയ്യും വളവിതരണവും (എസ്.സി) പദ്ധതിയുടെ ചെലവ് 6% മാത്രമാണെന്നുള്ളത് പദ്ധതി നടത്തിപ്പിന്റെ പോരായ്മയായി എടുത്ത് പറയേണ്ടതാണ്. മേൽ പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇഞ്ചി, മഞ്ഞൾ കൃഷി (പൊതു വിഭാഗം) 30%

പച്ചക്കറിക്കൃഷിയ്ക്ക് മൺചട്ടിയും തൈയ്യും കുറ്റികുരുമുളകും 30%

കേരസമൃദ്ധി-തെങ്ങിൻതൈയ്യും വളവിതരണവും 6%

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്പാദന മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിച്ച അയൽക്കൂട്ടങ്ങൾ മുഖേന കൃഷിത്തോട്ടം,

തെങ്ങ് കയറ്റതൊഴിലാളികൾക്ക് തെങ്ങുകയറ്റ യന്ത്രം എന്നീ പദ്ധതികൾ നടപ്പിലായിട്ടില്ലായെന്നതും പദ്ധതി നിർവ്വഹണത്തിന്റെ ന്യൂനത തന്നെയാണ്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ, കാർഷിക മേഖലാപദ്ധതികളുടെ രൂപീകരണത്തിൽ എടുത്തുപറഞ്ഞിട്ടുള്ള തരിശുനില കൃഷി, മഴവെള്ള സംഭരണം എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചു കാണുന്നില്ല. 12-02-2019, 30-03-2019, 01-01-2020 എന്നീ തീയതികളിൽ കൃഷിയും അനുബന്ധമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം കൂടി നടപ്പിലാക്കേണ്ട പദ്ധതികളുടെ ആശയങ്ങൾ, അവയുടെ നിലവിലെ പുരോഗതി എന്നിവ വിലയിരുത്തിയിട്ടുണ്ടെങ്കിലും വർഷാന്ത്യം യോഗം കൂടി പദ്ധതികൾ മോണിട്ടറിംഗ് നടത്തിയിട്ടില്ല. കാർഷിക മേഖലയിൽ ആർജ്ജിച്ചിരിക്കുന്ന വിളവിസ്തൃതി, വരുമാന വർദ്ധനവ് എന്നീ മികവുകൾ അളന്നു തിട്ടപ്പെടുത്തുന്നതിന് പദ്ധതികളിൽ മോണിട്ടറിംഗ് റിപ്പോർട്ടിന് വളരെയധികം പ്രാധാന്യമുണ്ട്. എന്നാൽ പദ്ധതികളൊന്നും മോണിട്ടറിംഗ് നടത്തിയതിന്റെ രേഖാപരമായ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമായില്ല.

## 1-28 പച്ചക്കറി കൃഷിയ്ക്ക് മൺചട്ടിയും തൈയ്യും, കുറ്റി കുരുമുളകും - യൂണിറ്റ് കോസ്റ്റിൽ കൂടുതൽ ചെലവഴിച്ച് പദ്ധതി നടപ്പാക്കി

പ്രോജക്റ്റ് നം.S0042/20

അടങ്കൽ -271215

വികസനഫണ്ട്-219215

ഗുണഭോക്തൃവിഹിതം-52000

260 പേർക്ക് പച്ചക്കറി കൃഷിയ്ക്ക് മൺചട്ടിയും തൈയ്യും, കുറ്റി കുരുമുളകും നൽകുന്നതിനായി നടപ്പിലാക്കിയ ഈ പ്രോജക്ടിൽ, കുറ്റി കുരുമുളക് തൈ നൽകുന്നതിനായി 63215/- രൂപയും മൺചട്ടിയും പച്ചക്കറിതൈയ്യും നൽകുന്നതിനായി 2,08,000/- രൂപയും (മൺചട്ടിയുടെ 25% ഗുണഭോക്തൃവിഹിതമായ 52,000/-രൂപ ഉൾപ്പടെ) വകയിരുത്തിയിട്ടുണ്ട്. ചെലവ് രേഖകൾ പരിശോധിച്ചതിൽ, കുരുമുളക് തൈ ഒന്നിന് 58.90/-രൂപ നിരക്കിൽ 600 എണ്ണം തൈകൾ വാങ്ങുകയും ഇതിനായി ബിൽ നം.കെ.ബി.സി /ജെ.എ.പി 7/2019-20 Dated 05-03-2020 പ്രകാരം 35,340/-രൂപ മണ്ണാശ്ശേരിൽ അഗ്രിക്കൾച്ചറൽ നഴ്സറി എന്ന സ്വകാര്യ സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. കുരുമുളക് തൈ ഒന്നിന്, ജില്ലാതലത്തിൽ അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് 50/- രൂപയാണെന്നിരിക്കെ 58.90/-രൂപ നിരക്കിൽ പർച്ചേസ് നടത്തിയത് ക്രമപ്രകാരമല്ല. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. കുരുമുളക് തൈകളുടെ വിലയിനത്തിൽ യൂണിറ്റ് കോസ്റ്റ് പരിഗണിക്കാതെ അധികം നൽകിയ 5340/- രൂപ (600x58.90-600x50) തിരികെ ഈടാക്കേണ്ടതാണ്. പ്രസ്തുത അധികച്ചെലവിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ബാധ്യതപ്പെട്ടിരിക്കുന്നു.

കൂടാതെ, ഈ പ്രോജക്ട് പ്രകാരം പച്ചക്കറി കൃഷിയ്ക്ക് മൺചട്ടിയും തൈയ്യും വാങ്ങുന്നതിന് 235 ഗുണഭോക്താക്കളിൽ നിന്ന് 200/- രൂപ പ്രകാരം (25% ഗുണഭോക്തൃവിഹിതം) 47,000/- രൂപ ഈടാക്കി പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രസീത് നം./തീയതി | തുക |
|---|---|
| 119010103519/18-02-2020 | 20,600 |
| 119010103702/05-03-2020 | 15,400/- |
| 119010103747/11-03-2020 | 10,200/ |
| 119010103805/16-03-2020 | 800/- |
| ആകെ | 47,000/- |

എന്നാൽ 80 യൂണിറ്റ് മൺചട്ടിയും പച്ചക്കറി തൈയ്യുളും മാത്രമാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. ഗുണഭോക്തൃവിഹിതമായി അടക്കേണ്ട 16,000/- രൂപ സ്ഥാപനത്തിന് നൽകിയതായും കാണുന്നില്ല. മതിയായ പ്ലാൻ ഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവ ഉണ്ടായിട്ടും പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല (അപാകതകളിൻമേൽ മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എന്ർക്വയറി നമ്പർ- 05 തീ.03.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-29 ഇടവിളകൃഷി -കുരുമുളക്,ടിഷ്യു കൾച്ചർ വാഴ-യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് ചെലവ് ചെയ്തു

പ്രോജക്ട് നം.S0099/20

അടങ്കൽ – 6,60,000

വികസനഫണ്ട് - 6,60,000

ഈ പദ്ധതി പ്രകാരം 1320 എണ്ണം ഇടവിളകിറ്റുകൾ (ചേന വിത്ത്, ചേമ്പ് വിത്ത്, ടിഷ്യു കൾച്ചർ വാഴ, കുറ്റി കുരുമുളക് എന്നിവ) കിറ്റിന് 500/-രൂപ നിരക്കിൽ മണ്ണാശ്ശേരിൽ അഗ്രിക്കൾച്ചറൽ നഴ്സറി എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ കൂടാതെ 6,60,000/- രൂപയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട് (ബിൽ നം.കെ.ബി.സി /ജെ.എ.പി1/2019-20 Dated 27-06-2019). ക്വട്ടേഷൻ കൂടാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്ന് പർച്ചേസ് നടത്തിയത് ക്രമപ്രകാരമല്ല. പ്രസ്തുത സ്ഥാപനത്തിന്റെ ബിൽ പരിശോധിച്ചതിൽ, താഴെപ്പറയും പ്രകാരം ജില്ലാതലത്തിൽ അംഗീകരിച്ച യൂണിറ്റ് കോസ്റ്റിൽ കൂടുതലായി കിറ്റിൽ ഉൾപ്പെട്ടിരിക്കുന്ന നടീൽ വസ്തുക്കളുടെ വിലയായി സ്ഥാപനത്തിന് തുക നൽകിയതായി കാണുന്നു.

ജില്ലാതലത്തിൽ അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് പ്രകാരം കിറ്റിൽ ഉൾപ്പെട്ടിരിക്കുന്ന നടീൽ വസ്തുക്കളുടെ വില വിവരം താഴെ ചേർക്കുന്നു.

| ഇനം | ഭാരം(കി.ഗ്രാം) | നിരക്ക് | ആകെ |
|---|---|---|---|
| ചേന വിത്ത് | 6.45 കിലോ | Rs.35/Kg | Rs.225.75/- |
| ചേമ്പ് വിത്ത് | 4 കിലോ | Rs.35/Kg | Rs.140/- |
| ടിഷ്യൂ കൾച്ചർ വാഴ | 1 എണ്ണം | Rs.15/- | Rs.15/- |
| കുറ്റി കുരുമുളക് | 2 എണ്ണം | Rs.50/ | Rs.100/ |
| ആകെ | | | 480.75/- |

മേൽപ്പറഞ്ഞ പ്രകാരം യൂണിറ്റ് കോസ്റ്റിൽ കൂടുതലായി 1320 കിറ്റുകൾക്ക് 25,410/-രൂപ സ്ഥാപനത്തിന് അധികം നൽകിയതായി കാണുന്നു(1320x500-1320x480.75). വിശദീകരണം ലഭ്യമാക്കുന്നതിനായി 03.03.2021 ൽ ഓഡിറ്റ് എൻക്വയറി നമ്പർ 05 നൽകിയിരുന്നു. മറുപടി അംഗീകരിക്കാവുന്നതല്ല. അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക തിരികെ ഈടാക്കേണ്ടതാണ്. പ്രസ്തുത അധികച്ചെലവിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ബാധ്യതപ്പെട്ടിരിക്കുന്നു.

## <u>1-30 ഇടവിളകൃഷി -കുരുമുളക്,ടിഷ്യൂ കൾച്ചർ വാഴ(എസ്.സി)-യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് ചെലവ് ചെയ്തു</u>

പ്രോജക്റ്റ് നം.S0100/20

എസ്.സി വിഭാഗത്തിലും ഇടവിളകിറ്റുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 178 എണ്ണം ഇടവിളകിറ്റുകൾ കിറ്റിന് 500/-രൂപ നിരക്കിൽ മണ്ണാശ്ശേരിൽ അഗ്രിക്കൾച്ചറൽ നഴ്സറി എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ കൂടാതെ 89000/- രൂപയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട് (ബിൽ നം.കെ.ബി.സി/ജെ.എ.പി2/2019-20 Dated 27-06-2019). ജില്ലാതലത്തിൽ അംഗീകരിച്ച യൂണിറ്റ് കോസ്റ്റായ 480.75/- രൂപയിൽ കൂടുതലായി കിറ്റിൽ ഉൾപ്പെട്ടിരിക്കുന്ന നടീൽ വസ്തുക്കളുടെ വിലയായി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

ജില്ലാതലത്തിൽ അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് പ്രകാരം കിറ്റിൽ ഉൾപ്പെട്ടിരിക്കുന്ന നടീൽ വസ്തുക്കളുടെ വില വിവരം താഴെചേർക്കുന്നു.

.

| ഇനം | ഭാരം(കി.ഗ്രാം) | നിരക്ക് | ആകെ |
|---|---|---|---|
| ചേന വിത്ത് | 6.45കിലോ | Rs.35/Kg | Rs.225.75 |
| ചേമ്പ് വിത്ത് | 4 കിലോ | Rs.35/Kg | Rs.140/- |
| ടിഷ്യൂ കൾച്ചർ വാഴ | 1 എണ്ണം | Rs.15/- | Rs.15/ |
| കുറ്റി കുരുമുളക് | 2എണ്ണം | Rs.50/ | Rs.100/ |
| ആകെ | | | 480.75/- |

മാത്രമല്ല, ക്വട്ടേഷൻ കൂടാതെയാണ് ഇവിടെയും പർച്ചേസ് നടത്തിയിട്ടുള്ളത്. യൂണിറ്റ് കോസ്റ്റിൽ കൂടുതലായി മേൽപ്പറഞ്ഞ പ്രകാരം 3426.5/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (178x500-178x480.75). തൻവർഷം കുറ്റി കുരുമുളക് വിതരണത്തിനായി

പ്രത്യേകം പദ്ധതി നടപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ, ഇടവിളകളോടൊപ്പം ടിഷ്യു കൾച്ചർ വാഴ, കുറ്റി കുരുമുളക് എന്നിവ വിതരണം ചെയ്യുന്നതിനായി പ്രോജക്ടുകൾ നടപ്പിലാക്കി കാണുന്നു. ക്വട്ടേഷൻ കൂടാതെയും യൂണിറ്റ് കോസ്റ്റിൽ അധികരിച്ചും ചെലവ് ചെയ്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ-05 തീ.03.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ അധികം ചെലവഴിച്ച 3426.5/- രൂപ തിരികെ ഈടാക്കേണ്ടതാണ്. പ്രസ്തുത അധികച്ചെലവിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ബാധ്യതപ്പെട്ടിരിക്കുന്നു.

## 1-31 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ നിർവ്വഹണത്തിലെ മറ്റ് ന്യൂനതകൾ

കാർഷിക മേഖലയിൽ കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ നിർവ്വഹണത്തിലെ ന്യൂനതകൾ താഴെ ചേർക്കുന്നു.

1.പച്ചക്കറി വിത്ത് /തൈകൾ

പ്രോജക്ട് നം.S055/20

അടങ്കൽ -75400/-

വികസനഫണ്ട്- 60375/-

പച്ചക്കറിതൈകൾ വാങ്ങി കർഷകർക്ക് വിതരണം നടത്തുന്നതിനായി ഏറ്റെടുത്ത ഈ പ്രോജക്ട് പ്രകാരം 14490 പച്ചക്കറിതൈകൾ തൈ ഒന്നിന് 2.50/രൂപ നിരക്കിൽ 36,225/- രൂപയ്ക്ക് തളിർ നഴ്സറി & ബയോ ഫാർമസി, കൃഷി ഭവൻ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി 14 വാർഡുകളിലെ ഗുണഭോക്താക്കൾക്കായി വിതരണം നടത്തിയിട്ടുണ്ട്. ക്വട്ടേഷൻ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, സ്ഥാപനത്തിന്റെ ബില്ലിൽ ഏതൊക്കെ ഇനം പച്ചക്കറിതൈകളാണ് വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല. പച്ചക്കറിതൈകൾ വാങ്ങുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല (ബിൽ നം.കെ.ബി.സി /ജെ.എ.പി5/2019-20 Datd 13-02-2020). രേഖകൾ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽക്കാരണങ്ങളാൽ ഇതിനായി ചെലവഴിച്ച 36,225/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

2.കേര സമൃദ്ധി-തെങ്ങിൻതൈയ്യും വളം വിതരണവും(എസ്.സി)

പ്രോജക്ട് നം.S0054/20

അടങ്കൽ -150,000

വികസനഫണ്ട്- 10084

തെങ്ങിൻതൈകൾ വിതരണം, തെങ്ങിന് ജൈവ വളം വിതരണം എന്നിവയ്ക്കായി ഏറ്റെടുത്ത പദ്ധതി പ്രകാരം 28 എണ്ണം തെങ്ങിൻ തൈകളും വളവും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. തെങ്ങിൻ തൈ ഒന്നിന് 67/- രൂപ നിരക്കിൽ 1876/-രൂപയും, എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക്, പൊട്ടാഷ് എന്നിവ കിലോയ്ക്ക് 19/- രൂപ നിരക്കിൽ 8208/- രൂപയ്ക്ക് മണ്ണാശ്ശേരിൽ അഗ്രിക്കൾച്ചറൽ നഴ്സറി എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ മുഖേനയാണ് വാങ്ങിയിട്ടുള്ളത് (ബിൽ നം.കെ.ബി.സി/ജെ.എ.പി1/2019-20 Dated 27-06-2019). വളം വിൽക്കുന്നതിന് സ്ഥാപനത്തിന് ലൈസൻസ് ഉള്ളതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ലൈസൻസ് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കുകയോ, മറുപടി നൽകുകയോ ചെയ്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

3.ഇഞ്ചി, മഞ്ഞൾ കൃഷി

പ്രോജക്ട് നം.S0054/20

1651 പേർക്ക് ഇഞ്ചി, മഞ്ഞൾ കൃഷിയ്ക്ക് ഇഞ്ചി, മഞ്ഞൾ എന്നിവ ഉൾപ്പെട്ട കിററുകൾ നൽകുന്നതിനായി നടപ്പിലാക്കിയ ഈ പ്രോജക്ടിൽ, കിറ്റ് ഒന്നിന് 100/- രൂപ നിരക്കിൽ 665 പേർക്ക് 66500/- രൂപയും (25% ഗുണഭോക്തൃവിഹിതമായ, 16625/-രൂപ ഉൾപ്പടെ) ചെലവ് വന്നിട്ടുണ്ട്. (ചെലവ് രേഖകൾ പരിശോധിച്ചതിൽ, മണ്ണാശ്ശേരിൽ അഗ്രിക്കൾച്ചറൽ നഴ്സറി എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ മുഖേന പർച്ചേസ് നടത്തിയതായി കാണുന്നു. ഗുണഭോക്തൃവിഹിതം സ്ഥാപനത്തിന് നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

കൂടാതെ, 1492 ഗുണഭോക്താക്കളിൽ നിന്ന് 25/- രൂപ പ്രകാരം 37,300/- രൂപ ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുണ്ട്. മതിയായ പ്ലാൻ ഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവ ഉണ്ടായിട്ടും പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 ഘടക സ്ഥാപനങ്ങൾക്ക് പ്രിന്ററും ലാപ്പ് ടോപ്പും ലഭ്യമാക്കിയിട്ടില്ല

ഘടക സ്ഥാപനങ്ങളുടെ ഓഫീസ് പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി ആയുർവേദ ആശുപത്രിയ്ക്ക് പ്രിന്ററും, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിന് ലാപ്ടോപ്പും വാങ്ങി വിതരണം ചെയ്യുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിഹിതത്തിൽ നിന്നും ബിൽ നം. 39/19-20 പ്രകാരം 48204/- രൂപ കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് 23-01-2020 ൽ മുൻകൂറായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിൽ ലഭ്യമായ സ്പെസിഫിക്കേഷൻ അനുസരിച്ച്

ലാപ്ടോപ്പും പ്രിന്ററും കെൽട്രോണിൽ നിന്നാണ് മുൻകൂർ നൽകിയിട്ടുള്ളത്. കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18, തീയതി 05-03-2021) നൽകിയ മറുപടിയിൽ, ലാപ്ടോപ്പും പ്രിന്ററും നാളിതുവരെയും ലഭ്യമായിട്ടില്ലെന്നും, കെൽട്രോണിൽ നിന്ന് അടവാക്കിയ തുക തിരികെ നൽകുന്നതിന് 18-03-2020 ൽ കത്ത് നൽകിയിരുന്നതായും കോവിഡിനെ തുടർന്ന് സാധനങ്ങൾ ലഭ്യമല്ലാത്തതിനാലാണ് സപ്ലൈ ചെയ്യാൻ താമസമുണ്ടാകുന്നതെന്നും അറിയിക്കുകയുണ്ടായി.

ലാപ്ടോപ്പും പ്രിന്ററും കെൽട്രോണിൽ നിന്ന് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-33 കേരളോത്സവത്തിനുവേണ്ടി നടത്തിയ വാങ്ങൽ പ്രവൃത്തികൾ - സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ക്വട്ടേഷൻ/ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചില്ല

2019-20 സാമ്പത്തിക വർഷം ചിങ്ങോലി ഗ്രാമപഞ്ചായത്ത് കേരളോൽസവം ആഘോഷ പരിപാടികളുമായി ബന്ധപ്പെട്ട് മത്സരവിജയികൾക്ക് നൽകുന്നതിന് ട്രോഫികൾ വാങ്ങുകയുണ്ടായി. ആലപ്പുഴ ചർച്ച് റോഡിൽ പ്രവർത്തിക്കുന്ന ആലപ്പി സ്പോർട്സ് ഇൻഡസ്ട്രീസ് എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നുമാണ് പ്രസ്തുത വാങ്ങൽ നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത വാങ്ങൽ പ്രവൃത്തികൾ സ്റ്റോർ പർച്ചേസ് മാനുവലിന് വിധേയമാക്കി മത്സരവും നീതിയും ഉറപ്പാക്കുന്ന തരത്തിലായിരുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | തുക | വൌച്ചർ നമ്പർ | ചെക്ക് നമ്പർ തീയതി |
|---|---|---|---|---|---|
| 1 | വിജയികൾക്കുള്ള ട്രോഫികൾ | 93 | 20895 | 21900561 | 061211<br>21.11.19 |
| | ആകെ | | 20895 | | |

സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013/എസ്.പി.ഡി. തീയതി. 21.06.2013 പ്രകാരം സാധന/സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. എസ്റ്റിമേറ്റ് തുക 15000 രൂപയ്ക്ക് മുകളിലുള്ള എല്ലാ സാധന/ സേവന സമാഹരണത്തിലും സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക (7.6) മുതൽ (7.31)വരെ പ്രകാരം ക്വട്ടേഷൻ/ 'ടെൻഡർ നടപടി പാലിച്ചിരിക്കണം എന്ന നിഷ്കർഷിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് നിയമവും ചട്ടങ്ങളും ബന്ധപ്പെട്ട നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ് എന്നിരിക്കെ മേൽ സൂചിപ്പിച്ച സേവനസമാഹാരങ്ങൾക്ക് പ്രസ്തുത വ്യവസ്ഥകൾ ബാധകമാക്കാതിരുന്നതിന്റെ കാരണം അന്വേഷിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ-10/ 03.03.2021 തീയതി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മാനദണ്ഡങ്ങൾ പാലിക്കാതെ നടത്തിയ വാങ്ങലുകൾക്ക് ചെലവഴിച്ച 20895 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-34 തെരുവു വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല- വൈദ്യുതചാർജ്ജ് ഇനത്തിൽ തനത് ഫണ്ട് തുകയിൽ ഭീമമായ നഷ്ടം

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് വൈദ്യുത ചാർജ് ഇനത്തിൽ പ്രതിമാസം ഒടുക്കുന്നത് 36,403 രൂപയാണ്. തുകയിലെ വർദ്ധനവിന്റെ പ്രധാന കാരണം തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാത്തതിനാലാണ്.

ബേർണിംഗ് അവേഴ്സ് പ്രകാരമാണ് തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇപ്പോഴും ഗ്രാമപഞ്ചായത്ത് നൽകിവരുന്നത്. തെരുവ് വിളക്കിൽ മീറ്റർ സ്ഥാപിക്കുക എന്നത് നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തിന് ഇപ്പോഴും കഴിഞ്ഞിട്ടില്ല.

07.07.2010ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് ഇതിനായി യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനുള്ള തുക 31.03.2013 ന മുൻപ് അടയ്ക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് കെഎസ്ഇബി 50 ശതമാനം ഇളവ് പ്രഖ്യാപിച്ചിരുന്നു. ഈ ആനുകൂല്യം നേടിയെടുക്കുന്നതിലും ഗ്രാമപഞ്ചായത്ത് താല്പര്യം കാണിച്ചില്ല എന്നത് വളരെ വ്യക്തമാണ്. ഉയർന്ന ഊർജ്ജ ഉപഭോഗമുള്ള ലാമ്പുകൾ പൂർണ്ണമായി ഒഴിവാക്കുകയും ഊർജ്ജഉപഭോഗം കുറവുള്ള വിളക്കുകൾ സ്ഥാപിക്കുകയും തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ച് വൈദ്യുതചാർജ് പരമാവധി കുറച്ചുകൊണ്ടുവരുന്നതിനും തനത് ഫണ്ടിൽ നിന്നുള്ള അധിക ചെലവ് കുറയ്ക്കുന്നതിന്നതിനും അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം വളരെ കുറവായ ഗ്രാമപഞ്ചായത്തിന് ഇത് വളരെ വലിയ ബാധ്യതയാണ്. അതോടൊപ്പം വികസന സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.

## 1-35 ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് ഇല്ലാതെ അംഗൻവാടി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 13 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് ബാധകമാണ്. ഗ്രാമപഞ്ചായത്തിലെ അംഗനൻവാടികൾ ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് ഇല്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്. ജി.ഒ (ആർ.ടി) 2427/2007 01.06.2007 പ്രകാരം കെട്ടിടങ്ങളുടെ ഫിറ്റ്നസ് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിൽ അപേക്ഷനൽകി ആയത് ലഭ്യമാക്കി കൈവശം വയ്ക്കേണ്ടതാണ്. അധികൃതർ ഇക്കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-36 പത്താംതരം, പന്ത്രണ്ടാം തരം തുല്യതാ പരീക്ഷ-പരീക്ഷാർത്ഥികൾക്ക് ലഭിച്ച സർട്ടിഫിക്കേറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല. 34250 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

| ക്രമ നമ്പ്ര | പദ്ധതിയുടെ പേര്, നമ്പർ | ഫണ്ടിനം | അടങ്കൽ തുക | ചെലവ് | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | പത്താംതര തുല്ല്യതാ പരീക്ഷ പ്രോജക്റ്റ് നമ്പർ-06/2020 | വികസനഫണ്ട്30000<br>തനത് ഫണ്ട് 9250 | 39250 | 9250 | 08/2019-20, തീ.25.03.2020 |
| 2 | പന്ത്രണ്ടാംതര തുല്ല്യതാ പരീക്ഷ പ്രോജക്റ്റ് നമ്പർ-07/2020 | വികസനഫണ്ട്20000<br>തനത് ഫണ്ട് 25000 | 45000 | 25000 | 09/19-20 തീ.25.03.2020 |

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പത്താംതരം തുല്യതാ പഠനവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ താഴെപ്പറയുന്നു.

(1) പത്താം തരം തുല്ല്യതാപരീക്ഷ എഴുതുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും പഠിതാക്കൾക്കുള്ള രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, എക്സാം ഫീസ് എന്നീ ഇനങ്ങളിലായി ആകെ 9250 /-(ബിൽ മ്പർ-08/2019-20, തീ.25.03.2020) രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് ജില്ലാ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. സാക്ഷരതാ മിഷന് നൽകിയ ഫീസിന്റെ രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(2) പന്ത്രണ്ടാം തരം തുല്ല്യതാ പരീക്ഷ പദ്ധതിയിലും മേൽ വിവരിച്ച പ്രകാരമുള്ള അപാകം നില നിൽക്കുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ, എക്സാം ഫീ എന്നീ ഇനങ്ങളിലായി പന്ത്രണ്ടാം തരം തുല്ല്യതാ പരീക്ഷാർത്ഥികൾക്ക് ആകെ 25000 തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് ജില്ലാ സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. സാക്ഷരതാ മിഷന് നൽകിയ ഫീസിന്റെ രസീതും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയത്തിന്മേൽ ഓഡിറ്റ് എൻക്വയറി നമ്പർ 04/ 01.03.2021 പ്രകാരം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കേറ്റ് രേഖകൾ,ഫീസ് ഒടുക്കിയതിന്റെ രസീത് എന്നിവ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഹാജരാക്കാഞ്ഞതിനാൽ പ്രസ്തുത പദ്ധതിക്കായി ആകെ ചെലവഴിച്ച 34250 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-37 തൊഴിലുറപ്പ് പദ്ധതി - ലഘുഅവലോകനം

| | |
|---|---|
| ആക്ഷൻപ്ലാൻ പ്രകാരം 19-20 ൽ അനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം | 1058 |
| ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം<br>സ്പിൽ ഓവർ<br>തൻവർഷം<br>ആകെ | 46<br>50<br>96 |
| പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | 36 |
| പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | 60 |

| | |
|---|---|
| തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം | 30 |
| പുതുതായി രജിസ്റ്റർ ചെയ്തതുൾപ്പടെ 19-20 ലെ ആകെ തൊഴിലാളികളുടെ എണ്ണം | 3348 |
| 100 തൊഴിൽദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങളുടെ എണ്ണം | 11 |
| <u>തൻവർഷത്തെ ആകെ ചെലവ്</u><br>തൊഴിലാളികളുടെ കൂലി<br>Unskilled<br>Material<br>Semi-Skilled And Skilled Wage<br>അഡ്മിനിട്രേറ്റീവ് ചെലവ്<br>ആകെ | <br>10893116<br>8288206<br>76950<br>1278178<br>20536450 |

അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിനും,ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അതുവഴി രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും 100 തൊഴിൽദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-38 ലൈഫ് ഭവന നിർമ്മാണം</u>

എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. ഈ പദ്ധതിക്കു കീഴിൽ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ഓഡിറ്റ് അന്വേഷണം നം.1/24.02-2021ന് നല്കിയ വിവരങ്ങൾ സ്ഥാപനത്തിലെ രേഖകൾ, രജിസ്റ്ററുകൾ എന്നിവ ചേർത്ത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുടെ വിവരം

| | |
|---|---|
| ആക്ഷൻ പ്ലാൻ അനുസരിച്ച് ലൈഫ് മിഷൻ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം-<br>ജനറൽ<br>പട്ടികജാതി | 58<br>56<br>2 |
| ലൈഫ് മിഷൻ പദ്ധതി പ്രകാരം 2019-20 വർഷം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം<br>ലൈഫ് ഭവന നിർമ്മാണം(ജനറൽ) സ്പിൽഓവർ<br>ലൈഫ് ഭവന നിർമ്മാണം(ജനറൽ)<br>ലൈഫ് ഭവന നിർമ്മാണം(S.Cസ്പിൽഓവർ ) | 9<br><br>39<br>2 |
| നിർമ്മാണം ആരംഭിച്ചവരിൽ പണി പൂർത്തിയായവർ<br>ലൈഫ് ഭവന നിർമ്മാണം(ജനറൽ) സ്പിൽഓവർ + ലൈഫ് ഭവന നിർമ്മാണം(ജനറൽ)<br>ലൈഫ് ഭവന നിർമ്മാണം(S.Cസ്പിൽഓവർ ) | <br>39<br>1 |

വീടുപണി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന 10 ഗുണഭോക്താക്കളിൽ 8 പേർകൂടി വീടിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന2 ഗുണഭോക്താക്കളുടെ വീടിന്റെ ഭിത്തി നിർമ്മാണംവരെ പൂർത്തീകരിച്ച് ,തുടർനിർമ്മാണം നടത്തി വരുന്നു.ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു

1. ശ്രീമതി. സ്മിത, ആദിത്യ നിവാസ് വാർഡ് നം. 6 3,00,000

2. ശ്രീമതി. വിജയമ്മ, ദേവസ്വം പറമ്പ് വാർഡ് നം. 10 3,00,000

ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് അവ പൂർത്തീകരിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

<u>ഇല്ല.</u>

## ഭാഗം -3

### 3-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പാറയുടെ വിലയിനത്തിൽ കരാറുകാരന് അധികം തുക അനുവദിച്ചു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയൽസ് ടെണ്ടർ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. റീടെയിനിങ്ങ് വാളിന്റെ നിർമ്മാണത്തിനായി കരാറുകാർ ലഭ്യമാക്കിയ പാറയുടെ അളവിൽ നിന്നും CPWD Specification 1-27.2.5 വോയ്ഡ്സ് ഇനത്തിൽ 15% കുറവുവരുത്തി ശേഷിച്ച അളവിന് മാത്രമാണ് തുക നൽകേണ്ടിയിരുന്നതെങ്കിലും ഇതുപരിഗണിക്കാതെ ബിൽതുക നൽകുക വഴി അധികചെലവുണ്ടായിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ലഭ്യമാക്കിയ പാറയുടെ അളവ് $M^3$ | നൽകിയ തുക @1900 | 15% വോയ്ഡ്സ് കുറച്ചുള്ള അളവ് $M^3$ | നൽകേണ്ടിയിരുന്ന തുക @1900 | അധികം | FTO നം / തീയതി |
|---|---|---|---|---|---|---|---|
| പ്രഭാലയം വീടിനു സമീപം റീടെയിനിങ്ങ് വാൾ നിർമ്മാണം | പൊന്നപ്പൻ | 6 | 11400 | 5.1 | 9690 | 1710 | FTO-166650 / 6-8-19 |
| പടവുങ്കൽ വീടിന് സമീപം റീടെയിനിങ്ങ് വാൾ നിർമ്മാണം | ഉല്ലാസൻ | 13.6 | 25840 | 11.56 | 21964 | 3876 | FTO-166569 / 6-8-19 |
| ആകെ | | | | | | 5586 | |

കരാറുകാർക്ക് ക്രമപ്രകാരമല്ലാതെ അധികം തുക അനുവദിച്ചതിൻമേൽ വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/4-3-21) ഈ ഇനത്തിൽ അധികമായി നൽകിയ തുക കരാറുകാരുടെ EMD, Security Deposit എന്നീ ഇനങ്ങളിൽ പഞ്ചായത്തിൽ ലഭിച്ച തുകയിൽ നിന്നും ഈടാക്കുന്നതാണെന്ന് അക്രഡിറ്റഡ് എൻജിനീയർ മറുപടി നൽകി. അധികചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 3-2 പച്ചക്കറി കൃഷിയ്ക്ക് മൺചട്ടിയും തൈയ്യും, കുറ്റി കുരുമുളകും - യൂണിറ്റ് കോസ്റ്റിൽ കൂടുതൽ ചെലവഴിച്ച പദ്ധതി നടപ്പാക്കി

പ്രോജക്ട് നം.S0042/20

അടങ്കൽ -271215

വികസനഫണ്ട്-219215

ഗുണഭോക്തൃവിഹിതം-52000

260 പേർക്ക് പച്ചക്കറി കൃഷിയ്ക്ക് മൺചട്ടിയും തൈയ്യും, കുറ്റി കുരുമുളകും നൽകുന്നതിനായി നടപ്പിലാക്കിയ ഈ പ്രോജക്റ്റിൽ, കുറ്റി കുരുമുളക തൈ നൽകുന്നതിനായി 63215/- രൂപയും മൺചട്ടിയും പച്ചക്കറിതൈയ്യും നൽകുന്നതിനായി 2,08,000/- രൂപയും (മൺചട്ടിയുടെ 25% ഗുണഭോക്തൃവിഹിതമായ 52,000/-രൂപ ഉൾപ്പടെ) വകയിരുത്തിയിട്ടുണ്ട്. ചെലവ് രേഖകൾ പരിശോധിച്ചതിൽ, കുരുമുളക് തൈ ഒന്നിന് 58.90/-രൂപ നിരക്കിൽ 600 എണ്ണം തൈകൾ വാങ്ങുകയും ഇതിനായി ബിൽ നം.കെ.ബി.സി /ജെ.എ.പി 7/2019-20 Dated 05-03-2020 പ്രകാരം 35,340/-രൂപ മണ്ണാശ്ശേരിൽ അഗ്രിക്കൾച്ചറൽ നഴ്സറി എന്ന സ്വകാര്യ സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. കുരുമുളക് തൈ ഒന്നിന്, ജില്ലാതലത്തിൽ അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് 50/- രൂപയാണെന്നിരിക്കെ 58.90/-രൂപ നിരക്കിൽ പർച്ചേസ് നടത്തിയത് ക്രമപ്രകാരമല്ല. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. കുരുമുളക് തൈകളുടെ വിലയിനത്തിൽ

യൂണിറ്റ് കോസ്റ്റ് പരിഗണിക്കാതെ അധികം നൽകിയ 5340/- രൂപ (600x58.90-600x50) തിരികെ ഈടാക്കേണ്ടതാണ്. പ്രസ്തുത അധികച്ചെലവിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ബാധ്യതപ്പെട്ടിരിക്കുന്നു.

കൂടാതെ, ഈ പ്രോജക്ട് പ്രകാരം പച്ചക്കറി കൃഷിയ്ക്ക് മൺചട്ടിയും തൈയ്യും വാങ്ങുന്നതിന് 235 ഗുണഭോക്താക്കളിൽ നിന്ന് 200/- രൂപ പ്രകാരം (25% ഗുണഭോക്തൃവിഹിതം) 47,000/- രൂപ ഈടാക്കി പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രസീത് നം./തീയതി | തുക |
|---|---|
| 119010103519/18-02-2020 | 20,600 |
| 119010103702/05-03-2020 | 15,400/- |
| 119010103747/11-03-2020 | 10,200/ |
| 119010103805/16-03-2020 | 800/- |
| ആകെ | 47,000/- |

എന്നാൽ 80 യൂണിറ്റ് മൺചട്ടിയും പച്ചക്കറി തൈയ്യും മാത്രമാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. ഗുണഭോക്തൃവിഹിതമായി അടക്കേണ്ട 16,000/- രൂപ സ്ഥാപനത്തിന് നൽകിയതായും കാണുന്നില്ല. മതിയായ പ്ലാൻ ഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവ ഉണ്ടായിട്ടും പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല (അപാകതകളിൻമേൽ മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻ്ക്വയറി നമ്പർ- 05 തീ.03.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-3 ഇടവിളകൃഷി -കുരുമുളക്,ടിഷ്യു കൾച്ചർ വാഴ-യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് ചെലവ് ചെയ്തു

പ്രോജക്ട് നം.S0099/20

അടങ്കൽ – 6,60,000

വികസനഫണ്ട് - 6,60,000

ഈ പദ്ധതി പ്രകാരം 1320 എണ്ണം ഇടവിളകിറ്റുകൾ (ചേന വിത്ത്, ചേമ്പ് വിത്ത്, ടിഷ്യു കൾച്ചർ വാഴ, കുറ്റി കുരുമുളക് എന്നിവ) കിറ്റിന് 500/-രൂപ നിരക്കിൽ മണ്ണാശ്ശേരിൽ അഗ്രിക്കൾച്ചറൽ നഴ്സറി എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ കൂടാതെ 6,60,000/- രൂപയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട് (ബിൽ നം.കെ.ബി.സി /ജെ.എ.പി1/2019-20 Dated 27-06-2019). ക്വട്ടേഷൻ കൂടാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്ന് പർച്ചേസ് നടത്തിയത് ക്രമപ്രകാരമല്ല. പ്രസ്തുത സ്ഥാപനത്തിന്റെ ബിൽ പരിശോധിച്ചതിൽ, താഴെപ്പറയും പ്രകാരം ജില്ലാതലത്തിൽ അംഗീകരിച്ച യൂണിറ്റ് കോസ്റ്റിൽ കൂടുതലായി കിറ്റിൽ ഉൾപ്പെട്ടിരിക്കുന്ന നടീൽ വസ്തുക്കളുടെ വിലയായി സ്ഥാപനത്തിന് തുക നൽകിയതായി കാണുന്നു.

ജില്ലാതലത്തിൽ അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് പ്രകാരം കിറ്റിൽ ഉൾപ്പെട്ടിരിക്കുന്ന നടീൽ വസ്തുക്കളുടെ വില വിവരം താഴെ ചേർക്കുന്നു.

| ഇനം | ഭാരം(കി.ഗ്രാം) | നിരക്ക് | ആകെ |
|---|---|---|---|
| ചേന വിത്ത് | 6.45 കിലോ | Rs.35/Kg | Rs.225.75/- |
| ചേമ്പ് വിത്ത് | 4 കിലോ | Rs.35/Kg | Rs.140/- |
| ടിഷ്യു കൾച്ചർ വാഴ | 1 എണ്ണം | Rs.15/- | Rs.15/- |
| കുറ്റി കുരുമുളക് | 2 എണ്ണം | Rs.50/ | Rs.100/ |
| ആകെ | | | 480.75/- |

മേൽപ്പറഞ്ഞ പ്രകാരം യൂണിറ്റ് കോസ്റ്റിൽ കൂടുതലായി 1320 കിറ്റുകൾക്ക് 25,410/-രൂപ സ്ഥാപനത്തിന് അധികം നൽകിയതായി കാണുന്നു(1320x500-1320x480.75). വിശദീകരണം ലഭ്യമാക്കുന്നതിനായി 03.03.2021 ൽ ഓഡിറ്റ് എൻക്വയറി നമ്പർ 05 നൽകിയിരുന്നു. മറുപടി അംഗീകരിക്കാവുന്നതല്ല. അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക തിരികെ ഈടാക്കേണ്ടതാണ്. പ്രസ്തുത അധികച്ചെലവിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ബാധ്യതപ്പെട്ടിരിക്കുന്നു.

## 3-4 ഇടവിളകൃഷി -കുരുമുളക്,ടിഷ്യു കൾച്ചർ വാഴ(എസ്.സി)-യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് ചെലവ് ചെയ്തു

പ്രോജക്ട് നം.S0100/20

എസ്.സി വിഭാഗത്തിലും ഇടവിളകിറ്റുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 178 എണ്ണം ഇടവിളകിറ്റുകൾ കിറ്റിന് 500/-രൂപ നിരക്കിൽ മണ്ണാശ്ശേരിൽ അഗ്രിക്കൾച്ചറൽ നഴ്സറി എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ കൂടാതെ 89000/- രൂപയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട് (ബിൽ നം.കെ.ബി.സി/ജെ.എ.പി2/2019-20 Dated 27-06-2019). ജില്ലാതലത്തിൽ അംഗീകരിച്ച യൂണിറ്റ് കോസ്റ്റായ 480.75/- രൂപയിൽ കൂടുതലായി കിറ്റിൽ ഉൾപ്പെട്ടിരിക്കുന്ന നടീൽ വസ്തുക്കളുടെ വിലയായി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

ജില്ലാതലത്തിൽ അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് പ്രകാരം കിറ്റിൽ ഉൾപ്പെട്ടിരിക്കുന്ന നടീൽ വസ്തുക്കളുടെ വില വിവരം താഴെചേർക്കുന്നു.

.

| ഇനം | ഭാരം(കി.ഗ്രാം) | നിരക്ക് | ആകെ |
|---|---|---|---|
| ചേന വിത്ത് | 6.45കിലോ | Rs.35/Kg | Rs.225.75 |
| ചേമ്പ് വിത്ത് | 4 കിലോ | Rs.35/Kg | Rs.140/- |
| ടിഷ്യു കൾച്ചർ വാഴ | 1 എണ്ണം | Rs.15/- | Rs.15/ |
| കുറ്റി കുരുമുളക് | 2എണ്ണം | Rs.50/ | Rs.100/ |
| ആകെ | | | 480.75/- |

മാത്രമല്ല, ക്വട്ടേഷൻ കൂടാതെയാണ് ഇവിടെയും പർച്ചേസ് നടത്തിയിട്ടുള്ളത്. യൂണിറ്റ് കോസ്റ്റിൽ കൂടുതലായി മേൽപ്പറഞ്ഞ പ്രകാരം 3426.5/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (178x500-178x480.75). തൻവർഷം കുറ്റി കുരുമുളക് വിതരണത്തിനായി പ്രത്യേകം പദ്ധതി നടപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ, ഇടവിളകളോടൊപ്പം ടിഷ്യു കൾച്ചർ വാഴ, കുറ്റി കുരുമുളക് എന്നിവ വിതരണം ചെയ്യുന്നതിനായി പ്രോജക്ടുകൾ നടപ്പിലാക്കി കാണുന്നു. ക്വട്ടേഷൻ കൂടാതെയും യൂണിറ്റ് കോസ്റ്റിൽ അധികരിച്ചും ചെലവ് ചെയ്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ-05 തീ.03.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ അധികം ചെലവഴിച്ച 3426.5/- രൂപ തിരികെ ഈടാക്കേണ്ടതാണ്. പ്രസ്തുത അധികച്ചെലവിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ബാധ്യതപ്പെട്ടിരിക്കുന്നു.

# ഭാഗം -4

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | ശാരീരിക മാനസിക വെല്ലുവിളി | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | | |
| | | 250000 | പാലിന് സബ്സിഡി | 250000 | 0 |
| | | 155000 | പാലിയേറ്റീവ് കെയർ | 155000 | 0 |
| | | 1300000 | ലൈഫ് ഭവനപദ്ധതി | 200000 | 110000 |
| | | 200000 | ലൈഫ് ഭവനപദ്ധതി | 0 | 200000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര വിതരണം | 78380 | 21620 |
| | | 264000 | ശാരീരിക മനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 227440 | 36560 |
| | | 1050000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 0 | 1050000 |
| | | 27328 | ലൈഫ് ഭവനനിർമ്മാണം -പട്ടികജാതി | 27328 | 0 |
| | | 28659 | ലൈഫ് ഭവനനിർമ്മാണം-ജനറൽ | 0 | 28659 |
| | | 100000 | പകൽ വീട് | 0 | 100000 |
| | | 800000 | ലൈഫ് ഭവനപദ്ധതി | 0 | 800000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20 വർഷം നിക്ഷേപപ്രവൃത്തികളില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് 20,60,000 രൂപ വായ്പ വരവുണ്ട്. ഓഡിറ്റ് വർഷം 661765 രൂപ വായ്പ തിരിച്ചടച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷവസാനം തിരിച്ചടക്കുവാൻ അവശേഷിക്കുന്ന വായ്പതുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കുവാൻ |
|---|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവനനിർമ്മാണം | സ.ഉ (കൈ)68/2018/തസ്വഭവ തീ.18/05/2018 | 9420000 | 7360000 | 661765 | | 8758235 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഓഡിറ്റ് വർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് -23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | പരാമർശം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 1999-2000 | IV.4.13 (ഇ) | ചിപ്സ് ഉപ്പേരി നിർമ്മാണ യൂണിറ്റ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ (2006-08) 12-ാംമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യൂണിറ്റിന്റെ പ്രവർത്തനത്തിനായി വാങ്ങിയ സാധനങ്ങൾ 19.10.2013-ൽ ലേലം ചെയ്തു. |
| 2 | 2003-04 | 3.4.7.1 | പദ്ധതിക്കനുസൃതമായി പ്രവർത്തനം നടത്താതിരുന്ന വനിത റെഡിമെയ്ഡ് യൂണിറ്റിൽ നിന്നും തുക ഈടാക്കുന്നത്-സംബ | സൂപ്പർ റെഡിമെയ്ഡ് യൂണിറ്റ് ശ്രീമതി ലൈലാ റഷീദിനെതിരെ സ്വീകരിച്ച ആർ.ആർ നടപടിക്കെതിരെ ടിയാൾ മാവേലിക്കര അഡീഷണൽ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു(എ.എസ് 153/2016)19/07/2019 ൽ കേസ് ഡിസ്മിസ് ചെയ്തിട്ടുള്ളതും ഉത്തരവ് ലഭ്യമായ ശേഷം തുടർ നടപടി സ്വീകരിക്കുന്നതുമാമെന്ന് തഹസിൽദാർ പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതാണ്. |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 42629166 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 41193027 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| | | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 39762.5 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 604114 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5586 | ശ്രീദേവി.ഡി അക്രഡിറ്റഡ് എൻജിനീയർ എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 3-2 | | 5340 | ശ്രീമതി .സുജ എം.എസ്, കൃഷി ഓഫീസർ |
| 3-3 | | 25410 | ശ്രീമതി .സുജ എം.എസ് കൃഷി ഓഫീസർ |
| 3-4 | | 3426.5 | ശ്രീമതി .സുജ എം.എസ് , കൃഷി ഓഫീസർ |
| ആകെ- 39762.5 | | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1- 21 | 420000 | ശ്രീ. അമൽ, അസിസ്റ്റന്റ് എൻജിനീയർ |
| 1- 22 | 44540 | ശ്രീ. അമൽ, അസിസ്റ്റന്റ് എൻജിനീയർ |
| 1-31 | 36225 | ശ്രീമതി.സുജ.എം.എസ് കൃഷി ഓഫീസർ |
| 1-32 | 48204 | ശ്രീമതി.ശ്രീദേവി.പി, സെക്രട്ടറി |
| 1-33 | 20895 | ശ്രീമതി.ശ്രീദേവി.പി, സെക്രട്ടറി |
| 1-36 | 34250 | ശ്രീമതി.ഗംഗ.പി,ഹെഡ്മിസ്ട്രസ് |
| ആകെ | 604114 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം | ജി.എസ്.റ്റി (റ്റി.ഡി.എസ്) | ആദായ നികുതി | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1-21 | 7059 | 3529 | അസിസ്റ്റന്റ് എൻജിനീയർ |
| 1-23 | 12774 | | സെക്രട്ടറി |
| 1-25 | 12000 | | സെക്രട്ടറി |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സുജ എം.എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ ചിങ്ങോലി | ശ്രീവില്ല മുതുകുളം സൗത്ത് പി.ഒ ആലപ്പുള |
| ശ്രീമതി.ശ്രീദേവി.ഡി, അക്രഡിറ്റഡ് എൻജിനീയർ | അക്രഡിറ്റഡ് എൻജിനീയർ ചിങ്ങോലി ഗ്രാമപഞ്ചായത്ത് | പദ്മിനി സദനം ചിങ്ങോലി.പി.ഒ |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5-1862/11, തീയതി - 28.01.2012 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1862/11, തീയതി. 28.01.2012 |
| 2006-07, 2007-08, 2008-09, 2009-10 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2010-11 | എൽ.എഫ്.എ.പി3-652/12/19.09.12/02.11.2012 |
| 2011-12 | എൽ.എഫ്.എ. പി.3-710/14/18.07.2014 |
| 2012-13 | എൽ.എഫ്.എ.പി-11/414/15/03.03.15/07.05.2015 |
| 2013-14 | കെ.എസ്.എ.പി.ഇസഡ്/പി11-1036/2015, തീയതി – 03.09.2015 |
| 2014-15 | കെ.എസ്.എ.എൽ.പി-പി11-766/2016, തീയതി – 07.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി1-1257/16 തീയതി, 02.11.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി11-861/2017 തീയതി, 06.07.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി7-1203/2018 തീയതി, 17.09.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി7-874/2019 തീയതി, 06.11.2019 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-2</u>

## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്